# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എടക്കാട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ/കെഎൻആർ/സി6/464 /22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 27/05/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടക്കാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-18,1-18(1),18(2),18(3) പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ,കണ്ണൂർ
ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം
ഓഫീസ് പകർപ്പ്

നമ്പർ: കെഎസ്എ/കെഎൻആർ/സി6/464 /22 തീയ്യതി: 27/05/2022

## കണ്ണൂർ ജില്ലയിലെ എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 06-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.വിനോദ് .കെ.കെ. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 07-03-2022 | 26-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-03-2022 | 26-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ലതവാണി.എൻ.എൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.സുമതി.ടി.ഒ, സീനിയർ ഗ്രേഡ് ഓഡിറ്റർ (07.03.2022 മുതൽ 15.03.2022 വരെ)
ശ്രീമതി.ധന്യ. എം, ഓഡിറ്റർ.

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.എം.സി.മോഹനൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി.പ്രമീള.പി.കെ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി.ആയിഷ | സെക്രട്ടറി | 01-04-2020 | 19-05-2020 |
| ശ്രീ.രജീഷ് .ആർ നാഥ് | സെക്രട്ടറി | 20-05-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.പദ്മം.എം.കെ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2020 | 27-05-2020 |
| ശ്രീ.പ്രദീപൻ.എം.എൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 28-05-2020 | 15-06-2020 |
| ശ്രീമതി.സീമ സഹദേവൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 16-06-2020 | 31-03-2021 |
| ഡോ.ജയൻ.എൻ..വി | ക്ഷീര വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.മായ.കെ | മെഡിക്കൽ ഓഫീസർ(സി എച്ച് സി) | 01-04-2020 | 31-03-2021 |
| ശ്രീമതി.ജീന.സി | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ഷീജ.വി | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.നിഷ പാലത്തടത്തിൽ | ശിശു വികസന പദ്ധതി ഓഫീസർ(അഡീഷണൽ) | 01-04-2020 | 31-03-2021 |
| ശ്രീ.വിനോദ് കുമാർ നരിക്കോടൻ | വ്യവസായ വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.രശ്മി.എസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ശ്രീ.ശ്രീരാഗ്.എം.പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |

12.11.2020 മുതൽ 29.12.2020 വരെയുള്ള കാലയളവിൽ ശ്രീ.രജീഷ്.ആർ. നാഥ്, സെക്രട്ടറി, ശ്രീമതി.രശ്മി.എസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ശ്രീമതി.സീമ സഹദേവൻ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ എന്നിവരടങ്ങിയ ഭരണനിർവ്വഹണ കമ്മിറ്റിയാണ് നിലവിൽ ഉണ്ടായിരുന്നത്.

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Lathavani (Audit Officer, On 28-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Lathavani (Audit Officer, On 28-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-05-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക അപാകങ്ങൾ<br>Written By: Lathavani (Audit Officer, On 29-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-05-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Lathavani (Audit Officer, On 28-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-05-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Lathavani (Audit Officer, On 28-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-05-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Lathavani (Audit Officer, On 28-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 27-05-2022) | 1-5 |
| 7 | ആഭ്യന്തര നിയന്ത്രണം<br>Written By: Lathavani (Audit Officer, On 31-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-05-2022) | 1-6 |
| 8 | ക്യാഷ് പരിശോധന<br>Written By: Dhanya M (Auditor, On 19-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-05-2022) | 1-7 |
| 9 | രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല<br>Written By: Lathavani (Audit Officer, On 30-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-05-2022) | 1-8 |
| 10 | ഇ-ടെണ്ടർ- ഫോറം വില തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽനിന്നും ബ്ലോക്ക്പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യേണ്ടത്<br>Written By: Lathavani (Audit Officer, On 29-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-05-2022) | 1-9 |
| 11 | വാടക അപാകങ്ങൾ<br>Written By: Dhanya M (Auditor, On 28-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 27-05-2022) | 1-10 |
| 12 | ആദായ നികുതി റിട്ടേണുകൾ ഫയൽ ചെയ്യുന്നതിന് സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രൊഫഷണൽ ചാർജ് നൽകി<br>Written By: Lathavani (Audit Officer, On 29-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-05-2022) | 1-11 |
| 13 | പരസ്യചാർജ്- അർഹമായ ഡിസ്കൗണ്ട് ലഭ്യമാക്കേണ്ടതാണ്.<br>Written By: Sumathi.T.O (Auditor, On 28-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 27-05-2022) | 1-12 |
| 14 | ഐ കെ എമ്മിന് വിഹിതം നൽകിയത് -വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കാത്തത്<br>Written By: Lathavani (Audit Officer, On 29-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-05-2022) | 1-13 |
| 15 | കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണം സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നൽകി - | 1-14 |

| | | |
|---|---|---|
| | ₹34,00,000 തടസ്സപ്പെടുത്തുന്നു.<br>Written By: Sumathi.T.O (Auditor, On 25-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-05-2022) | |
| 16 | കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണം സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നൽകി ₹20,00,000 തടസ്സപ്പെടുത്തുന്നു.<br>Written By: Sumathi.T.O (Auditor, On 25-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 27-05-2022) | 1-15 |
| 17 | വനിതാ ഗ്രൂപ്പുകൾക്ക് കറവ പശു വിതരണവും കാലിത്തൊഴുത്ത് നവീകരണവും - പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു- ₹1500000 തടസ്സപ്പെടുത്തുന്നു.<br>Written By: Sumathi.T.O (Auditor, On 25-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-05-2022) | 1-16 |
| 18 | പാലിന് സബ്സിഡി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Sumathi.T.O (Auditor, On 25-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-05-2022) | 1-17 |
| 19 | ഹാജിമെട്ട മേച്ചേരി റോഡ് പുനരുദ്ധാരണം -ഒഴിഞ്ഞ ബാരൽ വില ഈടാക്കാത്തത്<br>Written By: Lathavani (Audit Officer, On 30-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 27-05-2022) | 1-18 |
| 20 | റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്റർ നിഷ്ക്രിയ ആസ്തിയായി മാറാതെയിരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Lathavani (Audit Officer, On 29-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 27-05-2022) | 1-19 |
| 21 | വാഹനം വാടകയ്ക്ക് എടുക്കൽ -ആദായ നികുതി ഒടുക്ക് രേഖകൾ ഹാജരാക്കേണ്ടത്<br>Written By: Lathavani (Audit Officer, On 29-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-05-2022) | 1-20 |
| 22 | പൊതുമരാമത്ത് പദ്ധതി ഫയൽ സൂക്ഷിപ്പിലെ അപാകങ്ങൾ<br>Written By: Lathavani (Audit Officer, On 30-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-05-2022) | 1-21 |
| 23 | ജി എസ് ടി ഇൻവോയ്സ് ലഭ്യമാക്കേണ്ടത്<br>Written By: Lathavani (Audit Officer, On 29-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-05-2022) | 1-22 |
| 24 | അഗതി രഹിത കേരളം ഭവന നിർമ്മാണം വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>Written By: Lathavani (Audit Officer, On 29-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-05-2022) | 1-23 |
| 25 | ലൈഫ് മിഷൻ ഭവന പദ്ധതി -വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>Written By: Lathavani (Audit Officer, On 29-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 27-05-2022) | 1-24 |
| 26 | ലൈഫ് ഭവന നിർമ്മാണം എസ് സി വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Lathavani (Audit Officer, On 29-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 27-05-2022) | 1-25 |
| 27 | ബഡ്സ് സ്കൂൾ നടത്തിപ്പിന് ബ്ലോക്ക് വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>Written By: Lathavani (Audit Officer, On 29-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 27-05-2022) | 1-26 |

| | | |
|---|---|---|
| 28 | ഗ്രാമ പഞ്ചായത്തുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് ധനസഹായം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>Written By: Lathavani (Audit Officer, On 29-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 27-05-2022) | 1-27 |
| 29 | വനിതാ ഹോസ്റ്റൽ നിർമ്മാണത്തിന് കിലയ്ക്ക് ബ്ലോക്ക് വിഹിതം നൽകിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>Written By: Lathavani (Audit Officer, On 29-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 27-05-2022) | 1-28 |
| 30 | ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിഹിതം കൈമാറൽ പ്രോജക്ട് - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Dhanya M (Auditor, On 28-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 27-05-2022) | 1-29 |
| 31 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Dhanya M (Auditor, On 28-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 27-05-2022) | 1-30 |
| 32 | ഗ്രാമ പഞ്ചായത്തുകൾക്ക് പാലിയേറ്റീവ് കെയർ ബ്ലോക്ക് വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Sumathi.T.O (Auditor, On 25-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 27-05-2022) | 1-31 |
| 33 | ജനകീയ ഹോട്ടലിന് റിവോൾവിംഗ് ഫണ്ട് - രേഖകൾ ഹാജരാക്കാത്തത് ₹40,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Lathavani (Audit Officer, On 29-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 27-05-2022) | 1-32 |
| 34 | വനിതാ ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ - ചെലവ് തുകയിൽ അധികമായി സബ്സിഡി അനുവദിച്ചു- ₹70546 തടസ്സപ്പെടുത്തുന്നു<br>Written By: Dhanya M (Auditor, On 28-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-05-2022) | 1-33 |
| 35 | വനിതാഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ<br>Written By: Dhanya M (Auditor, On 28-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-05-2022) | 1-34 |
| 36 | സി.എച്ച്.സി ഇരിവേരിയിലേക്ക് മരുന്ന് വാങ്ങൽ- മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല<br>Written By: Sumathi.T.O (Auditor, On 25-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-05-2022) | 1-35 |
| 37 | ഹെൽത്തി സിവിൽ സർവ്വീസ് പ്രൊജക്ട് നടത്തിപ്പിലെ അപാകത -ചെലവ് തുക ₹30550 ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.<br>Written By: Sumathi.T.O (Auditor, On 25-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 27-05-2022) | 1-36 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ഹാജിമെട്ട മേച്ചേരി റോഡ് പുനരുദ്ധാരണം -ഒഴിഞ്ഞ ബാരലിന്റെ വില ഈടാക്കാത്തത്<br>Written By: Lathavani (Audit Officer, On 31-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-05-2022) | 3-1 |
| | **ഭാഗം 4** | |

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Lathavani (Audit Officer, On 28-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 27-05-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Lathavani (Audit Officer, On 28-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-05-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Lathavani (Audit Officer, On 28-03-2022)<br>Last Updated By: Lathavani (Audit Officer, On 28-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Lathavani (Audit Officer, On 28-03-2022)<br>Last Updated By: Lathavani (Audit Officer, On 28-03-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Lathavani (Audit Officer, On 28-03-2022)<br>Last Updated By: Lathavani (Audit Officer, On 28-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം -<br>Written By: Lathavani (Audit Officer, On 28-03-2022)<br>Last Updated By: Lathavani (Audit Officer, On 28-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Lathavani (Audit Officer, On 28-03-2022)<br>Last Updated By: Lathavani (Audit Officer, On 28-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Lathavani (Audit Officer, On 28-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 27-05-2022) | 4-8 |
| 9 | ചാർജ്ജ് -സർചാർജ് നടപടി വഴി ഈടാക്കിയ തുക<br>Written By: Lathavani (Audit Officer, On 28-03-2022)<br>Last Updated By: Lathavani (Audit Officer, On 28-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Lathavani (Audit Officer, On 31-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 27-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Lathavani (Audit Officer, On 28-03-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 27-05-2022) | 4-11 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | RECEIPT & PAYMENT STATEMENT |
| 4 | INCOME & EXPENDITURE STATEMENT |
| 5 | BALANCE SHEET |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

26.03.2020ലെ 1(1)-ാം ഭരണ സമിതി തീരുമാന പ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് തയ്യാറാക്കിയിട്ടില്ല.

| | |
|---|---|
| മുന്നിരിപ്പ് | 1,64,10,200 |
| വരവ് | 38,36,88,000 |
| ആകെ | 40,00,98,200 |
| ചെലവ് | 38,29,47,600 |
| നീക്കിയിരിപ്പ് | 1,71,50,600 |

ബജറ്റ് ഫയൽ സൂക്ഷിച്ചിട്ടില്ല. അതിനാൽ വിവിധ ഘടക സ്ഥാപനമേധാവികളോട് നോൺ പ്ലാൻ ബജറ്റ് പ്രൊപ്പോസലുകൾ ആവശ്യപ്പെട്ടുകയോ സമർപ്പിക്കുകയോ ചെയ്തതിന്റെ രേഖകളൊന്നും ലഭിച്ചിട്ടില്ല, ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ബജറ്റ് അംഗീകരിക്കുന്നതിന് മുൻപുള്ള ബജറ്റ് ചർച്ച, അവതരണം എന്നിവ നടത്തിയതായി കാണുന്നില്ല. പെർഫോമൻസ് ബജറ്റ് & ജെൻഡർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല. റിവൈസ്ഡ് ബജറ്റ് തയ്യാറാക്കിയിട്ടില്ല.

ബജറ്റ് തയ്യാറാക്കുമ്പോൾ ബജറ്റ് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 12.05.21 ലെ 1( 1)/2021 നമ്പർ ഭരണസമിതി തീരുമാന പ്രകാരം വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചിട്ടുണ്ട്.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2021 | 22.06.2021 | തിരിച്ചയച്ചിട്ടില്ല |

### 1-2-1 വാർഷിക ധനകാര്യ പത്രിക അപാകങ്ങൾ

1- മഹാത്മാ ഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തുകയിൽ വാർഷിക ധനകാര്യ പത്രികയും,രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| വ്യത്യാസമുള്ള ഇനം | വാർഷിക ധനകാര്യ പത്രിക | തൊഴിലുറപ്പ് പദ്ധതി ഓഫീസ് ഹാജരാക്കിയ രജിസ്റ്റർ പ്രകാരം |
|---|---|---|
| മുൻകൂർ നൽകിയ തുക | 636170-(RP-47ഷെഡ്യൂൾ) | 642219 |
| ക്രമീകരിക്കാൻ ബാക്കിയുള്ള തുക | 242585 (B-18 ഷെഡ്യൂൾ) | 243282 |

2- വികസന ഫണ്ട് -പൊതുവിഭാഗം സാധാരണ വിഹിതം,സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ബേസിക് എന്നിവ വാർഷിക ധനകാര്യ പത്രികയിലെ RP-7ലെ തുകയും I-6 ലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല .

| ഇനം | വാർഷിക ധനകാര്യ പത്രിക RP-7 | വാർഷിക ധനകാര്യ പത്രിക I-6 |
|---|---|---|
| വികസന ഫണ്ട് -പൊതുവിഭാഗം സാധാരണ വിഹിതം | 3,44,47,219 | 3,38,62,978 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ബേസിക് | 50,52,067 | 16,15,867 |

3- I-9ലെ അദർ ഇൻകം 29,769, RP-10-29, 877, 1-18 പ്രയർ പിരീഡ് 37,366, RP-31ലെ കോവിഡ് റിക്കവറി 44,552 എന്നീ തുകകളുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കിയിട്ടില്ല.

4- സ്ഥിരാസ്തിയിലെ B- 11 ഷെഡ്യൂളിൽ ഭൂമി മൂല്യം ഉൾപ്പെടുത്തിയിട്ടില്ല.

5-വികസന ഫണ്ട് പൊതു വിഭാഗം സാധാരണ വിഹിതം, ധനകാര്യ കമ്മീഷൻ അവാർഡ് എന്നീ ഫണ്ടുകളുപയോഗിച്ചാണ് റോഡ് ടാറിംഗ് പ്രവൃത്തികൾ ചെയ്തിരിക്കുന്നത്. എന്നാൽ പ്രോജക്ട് ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത് I-14(e) & RP-20ൽ മെയിന്റനൻസ് പ്രോജക്ട് – റോഡ് അസറ്റ്-ടാർഡ് എന്ന ഹെഡിലാണ്.

6- വിനിയോഗിക്കാത്ത ഗ്രാമപഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം തിരിച്ചു കിട്ടിയ തുകകൾ യഥാക്രമം 28,800, 40,320 (RP-26 ഷെഡ്യൂൾ) എന്നിവ അതാത് സ്ഥാപനത്തിലേയ്ക്ക് തിരിച്ചടച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

7. B-9 ഷെഡ്യൂൾ പ്രകാരം മറ്റു ബാധ്യതകൾ എന്ന ശീർഷകത്തിൽ 8472 രൂപ CGST, SGST പ്രളയ സെസ്സ് ബാധ്യതയായി കാണിച്ചിട്ടുണ്ട്. എന്നാൽ ബാങ്ക് അക്കൗണ്ടിൽ GST-SBI ബാലൻസ് തുക 5942 (RP-40(b) & B-17 രൂപയാണ്. 2530 രൂപയുടെ വ്യത്യാസം വിശദമാക്കിയിട്ടില്ല.

8- 2019-20 B-11ലെ Fixed Asset Accumalated Depreciation -PUBLIC LIGHTING, PLANT &MACHINERY നോട് കൂടെ 2020-21- I-17(a) യിലെ Depreciation കൂട്ടിയാൽ 2020-21ലെ Fixed Asset Accumalated Depreciation ലഭിക്കുന്നില്ല. Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) ഹാജരാക്കിയിട്ടില്ല.

9- B-11+B-11(a)=B-3 ലഭിക്കുന്നില്ല. വ്യത്യാസത്തിനുള്ള കാരണം, തനത് ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് സൃഷ്ടിച്ച ആസ്തികളുടെ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

10-ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, കുടിശ്ശിക വാടക വരവ് രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

11-B-11(a) Capital Work In Progress ഇനത്തിൽ മുൻവർഷത്തെ തുക 7167400 രൂപ ആവർത്തിക്കുന്നു. തുകയുടെ വിശദവിവരം പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

12-പെരളശ്ശേരി കോട്ടം കുടിവെള്ള പദ്ധതി ഗുണഭോക്തൃ വിഹിതമിനത്തിൽ വർഷങ്ങളായി നീക്കിയിരിപ്പുള്ള തുക 1763, വാറ്റിനത്തിൽ വർഷങ്ങളായി നീക്കിയിരിപ്പുള്ള തുക 3562 അതാത് ഫണ്ടിലേയ്ക്ക്/പഞ്ചായത്തിലേയ്ക്ക് ഒടുക്കേണ്ടതാണ്.

13- 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62എഫ് പ്രകാരം വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

14- 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62ഇ പ്രകാരം വാർഷിക കണക്കിൽ, അക്കൗണ്ടുകൾക്കുള്ള കുറിപ്പ് ഉൾപ്പെടുത്തിയിട്ടില്ല.

15. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്ക് ഇല്ല.

16- ഇ ടെണ്ടർ വഴി നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കുന്ന തുകകൾ ക്രഡിറ്റ് ചെയ്യുന്നതിന് LSGD എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് മുഖാന്തിരം ലഭിക്കുന്ന തുക കിട്ടാനുള്ള തുകയായി കണക്കാക്കി ഷെഡ്യൂൾ B-15 (Sundry Debtors Receivables) ൽ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല.

വാർഷിക ധനകാര്യ പത്രിക അപാകങ്ങൾക്ക് ഓഡിറ്റ് എൻക്വയറി (15/18.03.2022) നൽകിയെങ്കിലും മറുപടി നൽകിയിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | തുക (രൂപ ) |
|---|---|
| മുന്നിരിപ്പ് | 1,33,95,339 |
| ഓഡിറ്റ് വർഷത്തെ വരവ് | 5,67,74,441 |
| ആകെ | 7,01,69,780 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 5,32,27,004 |
| നീക്കിയിരിപ്പ് | 1,69,42,776 |
| വരവിനങ്ങളിലെ നഷ്ടം/ | |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 40035 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 70,10,546 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട് മെന്റ് ലഭിച്ചത് | ആകെ | ചെലവ് | ലാപ്സ്/ നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | | 3,61,67,081 | 3,61,67,081 | 3,44,47,219 | 17,19,862 |
| വികസന ഫണ്ട് എസ്.സി.പി | | 32,90,000 | 32,90,000 | 32,90,000 | 0 |
| മെയിന്റനൻസ് നോൺറോഡ് | | 63,15,469 | 63,15,469 | 63,15,469 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ-ബേസിക് | | 67,90,000 | 67,90,000 | 50,52,067 | 17,37,933 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് | | 67,90,000 | 67,90,000 | 3,47,415 | 64,42,585 |
| ശുചിത്വം | 508535 | 38,814 | 5,47,349 | 9600 | 5,37,749 |
| നിർമ്മൽ പുരസ്കാർ | 4,06,710 | 0 | 4,06,710 | 0 | 4,06,710 |
| ഐസി ഡി എസ് | 896778 | 0 | 896778 | 0 | 896778 |
| കേരളോ ത്സവം | 112925 | 3652 | 116577 | 0 | 116577 |
| സ്പെസി ഫിക് പർപ്പസ് (MGNREGA-മേറ്റ് പരിശീലനം, ധനകാര്യ കമ്മീഷൻ വരവ് & മറ്റ് വരവുകൾ) | 115282 | 79,329 | 194611 | 45,980 | 1,48,631 |

| | | | | | |
|---|---|---|---|---|---|
| ഐ എ വൈ-ഗ്രാമ പഞ്ചായത്ത് വിഹിതം | 12,75,135 | 40,731 (പലിശ) + 28,800 (തിരിച്ചു കിട്ടിയ വിഹിതം) | 13,44,666 | 0 | 13,44,666 |
| ഐ എ വൈ- ജില്ലാ പഞ്ചായത്ത് വിഹിതം | 901363 | 40,320 (വിനിയോഗിക്കാത്ത തുക തിരിച്ചു കിട്ടിയത്) | 941683 | 0 | 941683 |
| ഐ എ വൈ-ഗ്രാമ പഞ്ചായത്ത് വിഹിതം | 143918 | 0 | 143918 | 0 | 143918 |

നിർമ്മൽ പുരസ്കാർ, ഐ സി ഡി എസ്, ഐ എ വൈ പദ്ധതിയിക്കായി ഗ്രാമ, ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നിന്നും ഈ വർഷം വിനിയോഗം ഉണ്ടായിട്ടില്ല. ഐ എ വൈ പദ്ധതിയിലുള്ള 3 ഗുണഭോക്താക്കളുടേയും ഭവനം പൂർത്തിയായിട്ടുണ്ട്. വരും വർഷങ്ങളിൽ തുക ചെലവഴിക്കാൻ സാധ്യതയില്ലെങ്കിൽ തിരിച്ചടക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവ് | പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 83 | 7,79,68,493 | 68 | 4,98,92,498 | 56 | 12 | 15 | 67 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി അടങ്കൽ | അംഗീകരിച്ചപദ്ധതികളുടെ എണ്ണം | പദ്ധതി ചെലവ് | ചെലവഴിച്ച പദ്ധതികളുടെ എണ്ണം | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 45,70,951 | 10 | 41,84,271 | 10 | 91.54 |
| 2 | ക്ഷീര വികസന ഓഫീസർ | 1,73,68,012 | 6 | 86,48,012 | 6 | 49.79 |
| 3 | മെഡിക്കൽ ഓഫീസർ (സിഎച്ച്സി) | 1,04,44,180 | 14 | 59,77,236 | 12 | 57.23 |
| 4 | സെക്രട്ടറി | 2,06,80,277 | 23 | 1,41,73,971 | 16 | 68.53 |
| 5 | അസിസ്റ്റന്റ്എഞ്ചിനീയർ | 1,30,67,982 | 16 | 77,49,120 | 10 | 59.29 |
| 6 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 42,47,091 | 5 | 32,38,041 | 5 | 76.24 |
| 7 | ശിശു വികസന പദ്ധതി ഓഫീസർ | 20,35,000 | 5 | 19,66,847 | 5 | 96.65 |

| | | | | | | |
|---|---|---|---|---|---|---|
| 8 | പട്ടിക ജാതി വികസന ഓഫീസർ | 30,55,000 | 2 | 30,55,000 | 2 | 100 |
| 9 | വ്യവസായ വികസന ഓഫീസർ | 25,00,000 | 2 | 9,00,000 | 2 | 36 |
| | ആകെ | 7,79,68,493 | 83 | 4,98,92,498 | 68 | 63.99 |

## 1-6 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ നല്ല രീതിയിൽ വർത്തിച്ച വരുന്നുണ്ട്. ആവശ്യമായ സന്ദർഭങ്ങളിൽ കൃത്യമായ ജോലി വിഭജനം നടത്തി ചുമതലകൾ ഏൽപ്പിച്ചു പോരുന്നുണ്ട്. ജീവനക്കാരുടെ യോഗം കൃത്യമായി ചേർന്നിട്ടുണ്ട്. യോഗത്തിൽ നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ചും ഓഫീസ് പ്രവർത്തനങ്ങളെക്കുറിച്ചും ചർച്ച ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. രജിസ്റ്ററുകളുടെ സൂക്ഷിപ്പിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.03.2022 ന് വൈകുന്നേരം 2.50ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനാ സമയത്ത് ക്യാഷ് ബാലൻസ് ഉണ്ടായിരുന്നില്ല.

## 1-8 രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല

ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ എന്നിവ സ്ഥാപനത്തിൽ സൂക്ഷിക്കുന്നില്ല. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് മുൻകൂർ നൽകുന്ന തുകയുടേയും ക്രമീകരിക്കുന്ന തുകയുടേയും വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഓഫീസ് ഹാജരാക്കിയ രജിസ്റ്റർ/രേഖകൾ മാത്രമാണ് ഈ ഫണ്ട് പരിശോധിക്കുന്നതിനായി ഉള്ളത്.

ടെണ്ടർഫോറം സ്റ്റോക്ക്, വിതരണ രജിസ്റ്റർ സൂക്ഷിക്കുന്നില്ല, കുടിശ്ശിക വാടക വരവിന്റെ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

ബി 17 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ വിവിധ ബാങ്ക്, ട്രഷറി അക്കൗണ്ടുകളുമായി ബന്ധപ്പെട്ട പ്രതിമാസ, വർഷാന്ത്യ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ (സാംഖ്യ പ്രകാരം ഉള്ളത് ) സൂക്ഷിക്കുന്നില്ല.

സംയുക്ത പ്രോജക്ടുകൾക്കായി കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും, മറ്റു ഗ്രാമ, ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭിക്കുന്ന വിഹിതത്തിന്റെ ഫണ്ട് വിനിയോഗം നിരിക്ഷിക്കുന്നതിനായി രജിസ്റ്റർ /രേഖകൾ സൂക്ഷിക്കുന്നില്ല.
സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി വിഹിതത്തിന്റെ രേഖകൾ ക്രോഡീകരിച്ച് വെച്ചിട്ടില്ല. ആവശ്യമായ രേഖകൾ/ രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിനായി ഉത്തരവാദപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 1-9 ഇ-ടെണ്ടർ- ഫോറം വില തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽനിന്നും ബ്ലോക്ക്പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യേണ്ടത്

2019-20, 2020-21 വർഷത്തിൽ ഇ-ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തതിന്റെ വിവരം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (3/13.3.22) മറുപടി ലഭ്യമാക്കിയിട്ടില്ല .തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

## 1-10 വാടക അപാകങ്ങൾ

എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആകെ വാടക മുറികൾ 30 എണ്ണം ആണ്. ഇതിൽ 25 എണ്ണം വാടകയ്ക്ക് നൽകിയിട്ടുണ്ട്. വാടക സംബന്ധിച്ച അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. വാടക ഇനത്തിൽ ₹877539 കുടിശ്ശിക

2020-21 വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വാടക ഇനത്തിന്റെ വരവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | തൻവർഷ തുക | കുടിശ്ശിക |
|---|---|---|
| ഡിമാന്റ് (ഐ ഇ 1 പ്രകാരം) | 783556 | 703063 |

| | | |
|---|---|---|
| കളക്ഷൻ (ആർ പി 43 പ്രകാരം) | 326910 | 53907 |
| ബാലൻസ് (ബി 15 പ്രകാരം) | 456646 | 877539 |

അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഏതൊക്കെ വ്യക്തികളാണ് കുടിശ്ശിക വരുത്തിയിട്ടുള്ളതെന്ന് സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമല്ല. ആയത് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

2. വാടക കൃത്യമായി ഈടാക്കുന്നില്ല.

1. കോയ്യോട് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ താഴെ പറയുന്ന വാടകക്കാർ 2020-21 വർഷത്തെ വാടക ഒടുക്കിയിട്ടില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | വാടകക്കാരന്റെ പേര് | മാസവാടക |
|---|---|---|---|
| 1 | 17/326J | പി കെ രഗിതേഷ് | 2917 |
| 2 | 17/356,357 | വി സബ്ലാസ് | 6130 |
| 3 | 17/361 E | സന്ധ്യ കെ | 5255 |
| 4 | 17/361 F | സന്ധ്യ കെ | 3008 |

ഇതിൽ ക്രമ നമ്പർ 3,4 ആയ സന്ധ്യ കെ എന്നയാൾ 2018-19 വർഷം മുതലുള്ള തുക ഒടുക്കാനുണ്ട്. കെട്ടിടമുറികൾ വാടകയ്ക്ക് നൽകുന്നതിനുള്ള ബൈലോ ഖണ്ഡിക 19 പ്രകാരം മൂന്ന് മാസത്തിൽ കൂടുതൽ കുടിശ്ശിക വരുത്തുന്നയാളുടെ മുറി തുടർന്ന് ഉപയോഗിക്കുന്നതിനുള്ള അവകാശം റദ്ദ് ചെയ്യാൻ സെക്രട്ടറിയ്ക്ക് അധികാരമുണ്ട്. എന്നാൽ കുടിശ്ശിക വരുത്തിയ വ്യക്തികളിൽ നിന്നും മുറി തിരിച്ചെടുക്കുകയോ പുനർലേലം നടത്തി മുറി മാറ്റി നൽകുകയോ ചെയ്തിട്ടില്ല. കൂടാതെ ലേലകാലാവധി കഴിഞ്ഞ് അതേ വ്യക്തികൾക്ക് തന്നെ മുറി പുതുക്കി നൽകുമ്പോൾ വാടക 5% വർദ്ധിപ്പിക്കുന്നുണ്ടെങ്കിലും എല്ലാ വാടകക്കാരുമായി എഗ്രിമെന്റ് വെക്കുന്നില്ല. (മേൽ വ്യക്തികളുടെ 2020-21 വർഷത്തെ വാടകകരാർ ഫയലിൽ ലഭ്യമല്ല). ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/11.03.2022)മറുപടിയായി ക്രമ നമ്പർ 1,2 വ്യക്തികൾക്ക് അടിയന്തിരമായി വാടക അടക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ശ്രീമതി സന്ധ്യ കെ എന്നവർ കരാർ വെച്ചെങ്കിലും മുറി ഉപയോഗിച്ചില്ലെന്നും ടിയാൾ അടച്ച സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ട് കെട്ടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. 2018-19 വർഷം മുതൽ വാടക ഒടുക്കാതിരുന്നിട്ടും നാളിതുവരെ തുടർനടപടി സ്വീകരിക്കാതിരുന്നത് വരുമാന നഷ്ടത്തിനിടയാക്കിയിട്ടുണ്ട്. കരാർ പുതുക്കാത്തവർ മുറികൾ ഉപയോഗിക്കുന്നത് റദ്ദ് ചെയ്യുന്നതാണെന്ന് അറിയിച്ച് നോട്ടീസ് നൽകിയിട്ടുണ്ടെന്നും കക്ഷികൾ കുടിശ്ശിക ഉൾപ്പെടെ വാടക അടച്ച് കരാർ പുതുക്കുവാൻ തയ്യാറായില്ലെങ്കിൽ പുനർലേലം ചെയ്യുന്നതും കുടിശ്ശിക ഈടാക്കാൻ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. വാടക കുടിശ്ശിക ഈടാക്കുതിനുള്ള അടിയന്തിരനടപടി സ്വീകരിക്കേണ്ടതാണ്. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

2.വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും കോയ്യോട് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ 17/326 H നമ്പർ കെട്ടിടം വാടകയ്ക്ക് എടുത്തിട്ടുള്ള ശ്രീമതി പി വിനീത എന്നയാൾ 2020 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ വാടക ഒടുക്കിയിട്ടില്ല. (2020-21 വർഷത്തെ മുഴുവൻ തുകയും ഒടുക്കിയിട്ടുണ്ട്). മേൽ വാടക ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/11.03.2022) മറുപടിയായി മേൽ മാസങ്ങളിലെ വാടക ഈടാക്കുന്നതിനു വേണ്ട അടിയന്തിര നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വാടക ഈടാക്കി അറിയിക്കേണ്ടതാണ്.

3.ചക്കരക്കൽ ഷോപ്പിംഗ് കോപ്ലക്സിലെ 876- ാം നമ്പർ മുറി ശ്രീ വിനോദന് എന്നയാൾ 2019-20 വർഷം മാസവാടക 6505 രൂപയ്ക്ക് ലേലം കൊണ്ടിട്ടുണ്ട്. ആയത് ഭരണസമിതിയുടെ 12.11.2019 തീയതിയിലെ 8/(1)19 നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും 06.02.2020 തീയതി ടിയാനുമായി എഗ്രിമെന്റ് വെക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ വാടക രജിസ്റ്റർ പ്രകാരം ടിയാൾ 2019-20,2020-21 വർഷ വാടക ഡിമാന്റിൽ ഉൾപ്പെടുകയോ വാടക ഒടുക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/11.03.2022) മറുപടിയായി ശ്രീ വിനോദനിൽ നിന്നും പലിശ ഉൾപ്പെടെ വാടക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. വാടക ഈടാക്കി അറിയിക്കേണ്ടതാണ്.

4. ചക്കരക്കൽ ഷോപ്പിംഗ് കോപ്ലക്സിലെ 878- ാം നമ്പർ മുറി നിതാഷ എം എന്നയാൾക്ക് 10.02.2020 ൽ നടന്ന ലേലത്തിൽ ലഭിച്ചിട്ടുണ്ട്. വർഷം മാസവാടക 6505 രൂപയ്ക്കാണ് ലേലം കൊണ്ടിട്ടുള്ളത് ആയത് ഭരണസമിതിയുടെ 25.02.2020 തീയതിയിലെ 5/(1)/20 തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ടിയാളുമായി എഗ്രിമെന്റ് വെച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/11.03.2022) മറുപടിയായി കോവിഡ് കാലമായതിനാൽ ബ്ലോക്ക് പഞ്ചായത്തുമായി കരാർ വെച്ചിട്ടില്ലെന്നും നോട്ടീസ് അയച്ചെങ്കിലും മുറികൾ ആവശ്യമില്ലെന്ന് അറിയിച്ചിട്ടുണ്ടെന്നും ഇ എംഡി കണ്ട് കെട്ടുന്നതിനും മുറി പുനർലേലം ചെയ്യുന്നതുമുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

5.മുറികൾ ഒഴിഞ്ഞ് കിടക്കുന്നു

ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള 30 വാടക മുറികളിൽ നിലവിൽ 25 എണ്ണം മാത്രമാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. വാടകയ്ക്ക് നൽകാതെ ഒഴിച്ചിടുന്നത് വരുമാന നഷ്ടത്തിന് ഇടയാക്കുമെന്നതിനാൽ ഒഴിഞ്ഞ് കിടക്കുന്ന മുറികൾ വാടകയ്ക്ക് നൽകുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-11 ആദായ നികുതി റിട്ടേണുകൾ ഫയൽ ചെയ്യുന്നതിന് സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രൊഫഷണൽ ചാർജ് നൽകി

ആദായനികുതിയുടെ ത്രൈമാസ റിട്ടേണുകൾ ഫയൽ ചെയ്യുന്നതിനുള്ള പ്രൊഫഷണൽ ചാർജ് ഇനത്തിൽ താഴെ പറയുന്ന തുകകൾ പ്രൊഫഷണൽ ഏജൻസികൾക്ക് അനുവദിച്ചിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
വർഷം - 2019-20

| പ്രോജക്ട് & നം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലെ ആകസ്മിക ആവശ്യങ്ങൾക്കുള്ള ചെലവ് തുക - 54/20 | തുക നൽകിയ സ്ഥാപനത്തിന്റെ പേര് & തുക | നൽകിയ തുക & തീയതി |
|---|---|---|---|
| ചെലവ് | 49000 (വികസന ഫണ്ട്- പൊതു വിഭാഗം - സാധാരണ വിഹിതം) | ചാർട്ടേഡ് കൺസൾട്ടൻസി സെന്റർ-കണ്ണൂർ- | 900-14/5/19<br>400-26/8/19<br>700-22/11/19<br>400-13/1/20<br>800-3/2/20 |
| ബിൽ നം &തീയതി | 7/18.5.19 -1000<br>12/7/9/19 -30000<br>22/5.2.20 -10000<br>24/17.3.20 - 8000 | | |

2020-21ലും താഴെ കാണും പ്രകാരം തുക നൽകിയിട്ടുണ്ട്.

| വൗച്ചർ നം. & തീയതി | നൽകിയ തുക & തീയതി | തുക നൽകിയ സ്ഥാപനത്തിന്റെ പേര്, തുക |
|---|---|---|
| 2200235 Dt 23.1.21 | ₹500 /24/7/20 | ചാർട്ടേഡ് കൺസൾട്ടൻസി സെന്റർ-കണ്ണൂർ- |
| 22000235 Dt 23.1.21 | ₹500/23/ 12/ 20 | ചാർട്ടേഡ് കൺസൾട്ടൻസി സെന്റർ -കണ്ണൂർ- |
| 22000406 Dt 29.3.21 | ₹800/8/3/21 | ചാർട്ടേഡ് കൺസൾട്ടൻസി സെന്റർ -കണ്ണൂർ- |

തനത് ഫണ്ടിൽ നിന്നും ആദായ നികുതി റിട്ടേണുകൾ ഫയൽ ചെയ്യുന്നതിനുള്ള പ്രൊഫഷണൽ ചാർജ് ഇനത്തിൽ തുക നൽകിയിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| വൗച്ചർ നം. & തീയതി | നൽകിയ തുക & തീയതി | തുക നൽകിയ സ്ഥാപനത്തിന്റെ പേര് , തുക |
|---|---|---|

| | | |
|---|---|---|
| 22000178<br>Dt 25.11.2020 | ₹1310/25/01/21 | പി കെ അസോസിയേറ്റ്സ്-കണ്ണൂർ- |

1- സ്ഥാപനത്തിന്റെ ആദായനികുതി റിട്ടേണുകൾ ഫയൽ ചെയ്യുക എന്നത് സ്ഥാപനമേധാവിയുടെ /ഡി.ഡി.ഒ.മാരുടെ വ്യക്തിപരമായ ഉത്തരവാദിത്തമാണ്. ആദായനികുതി റിട്ടേൺ ഫയൽ ചെയ്യുന്നതിന് നിശ്ചിത നിരക്കിലുള്ള അപ് ലോഡിങ്ങ് ഫീ ചെലവാക്കാൻ മാത്രമേ സർക്കാർ അനുമതിയുള്ളൂ. ഇതിന് വിരുദ്ധമായി ചെലവ് ചെയ്ത നടപടി ശരിയല്ല.

2- റിട്ടേൺ ഫയൽ ചെയ്തതിന്റെ കാലയളവ് സ്ഥാപനത്തിന്റെ ബില്ലിലോ, ഫയലിലോ ലഭ്യമായിട്ടില്ല.

ഭാവിയിൽ നിശ്ചിത നിരക്കിലുള്ള അപ് ലോഡിങ്ങ് ഫീ മാത്രം സർക്കാർ ഫണ്ടിൽ നിന്നും ചെലവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 പരസ്യചാർജ്- അർഹമായ ഡിസ്കൗണ്ട് ലഭ്യമാക്കേണ്ടതാണ്.

ജി.ഒ.(ആർ.ടി)നം.1/2011/I&PRD തീയതി.4.01.2011, ജി.ഒ(ആർ.ടി) നം.551/2015/I&PRD തീയതി.20.11.2015 എന്നീ ഉത്തരവുകൾ പ്രകാരം പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്ന സർക്കാർ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കും അർഹതയുണ്ടെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മാതൃഭൂമി ദിനപത്രത്തിൽ താഴെ കാണും പ്രകാരം പ്രസിദ്ധീകരിച്ച പരസ്യങ്ങൾക്ക് ഇപ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല .

1)

| | |
|---|---|
| വൗച്ചർ നം. &തീയതി | ചെക്ക്<br>നം.5742926, 07.08.2020 |
| തുക | 9744 |
| പരസ്യ ഇനം | പ്രകൃതി ക്ഷോഭം പ്രവൃത്തി |
| ഇൻവോയ്സ് നം. &തീയതി | 321000017958<br>Dt. 05.07.2020 |
| ലഭ്യമാകേണ്ട ഡിസ്കൗണ്ട് തുക | 1462 |

2) സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടിന്റെ ഭാഗമായി വിവിധ പത്രങ്ങളിൽ പരസ്യങ്ങൾ നൽകിയതിനും അർഹമായ ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല .വിശദ വിവരം താഴെ കൊടുക്കുന്നു .

| | | | | |
|---|---|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | ബിൽ നം. & തീയതി | 23/5.11.20 | 43/31.3.21 |
| പ്രോജക്ടിന്റെ പേര്&നം. | പദ്ധതി രൂപീകരണം നിർവ്വഹണം , മോണിറ്ററിംഗ് -13/21 | തുക | 6212 | 36443/17.04.2020 |
| അടങ്കൽ | 1,50,000 (വികസന ഫണ്ട്- പൊതു വിഭാഗം -ജനറൽ) | പത്രം | മാതൃഭൂമി | ദേശാഭിമാനി (നൽകിയ തുക 5796) |
| ചെലവ് | 80,744 | ഇൻവോയ്സ് നം. | 321000031251/ 26.8.20 | KNR/21-22/ 8122/19.1.21 |
| ലഭ്യമാകേണ്ട ഡിസ്കൗണ്ട് തുക | | | 932 | 869 |

ആയത് ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 ഐ കെ എമ്മിന് വിഹിതം നൽകിയത് -വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കാത്തത്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| പ്രോജക്ടിന്റെ പേര് & നം. | ഐ കെ എം ന് വിഹിതം നൽകൽ |
| അടങ്കൽ | 19,904 (വികസന ഫണ്ട്-പൊതു വിഭാഗം -സാധാരണ വിഹിതം) |
| ചെലവ് | 19,904 |
| ബിൽ നം. &തീയതി | 22/5/11/20 |

തുക കൈപ്പറ്റി രശീതി , വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ഇവ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (24/23.3.22) മറുപടി നൽകിയിട്ടില്ല.

## 1-14 കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണം സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക ഗുണഭോക്താവിന്റെ അക്കൌണ്ടിലേക്ക് നൽകി - ₹34,00,000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണം | ക്ഷീര വികസന ഓഫീസർ |
| പ്രൊജക്ട് നമ്പർ/പേര് | 20/21 കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണം |
| അടങ്കൽ | ₹3400000, വികസന ഫണ്ട്,ജനറൽ |
| | ₹3400000 മറ്റുള്ളവ |
| | ₹ 6800000 |
| ചെലവ് | ₹1500000<br>20190163010000545634/23-09-2020 |
| | ₹1500000<br>20190163010000804533/04-12-2020 |
| | ₹400000<br>201901630100001416259/29-03-2021 |
| ആകെ ചെലവ് | ₹3400000 |

എടക്കാട് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ പാൽ അളക്കുന്ന ക്ഷീര കർഷകർക്ക് ഒരു പശുവിന് 100 കി.ഗ്രാം എന്ന കണക്കിന് കാലിത്തീറ്റ വിതരണം ചെയ്യുന്നതിനാണ് പ്രൊജക്ട്. പ്രൊജക്ട് നടത്തിപ്പിൽ താഴെ പറയും പ്രകാരം അപാകതകളുണ്ട്.

1.കാലിത്തീറ്റ സർക്കാർ നിശ്ചയിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വാങ്ങേണ്ടതാണെന്നും ക്ഷീര സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യണമെന്നും സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ തീയതി 14-02-2018 ഉത്തരവിലെ ഖ.2.15 ൽ നിഷ്കർഷിക്കുന്നുണ്ട്. ക്ഷീര സംഘങ്ങൾ മുഖാന്തിരം ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ വിതരണം ചെയ്തതിന്റെ രേഖ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇപ്രകാരം കാലിത്തീറ്റ ക്ഷീര സംഘങ്ങൾ മുഖേന വാങ്ങി നൽകാതെ തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്.

2.ക്ഷീരകർഷകർക്ക് കാലിത്തീറ്റയ്ക്കുള്ള ധനസഹായം പണമായി നൽകാവുന്നതല്ലായെന്നും കാലിത്തീറ്റയായി ക്ഷീര സഹകരണ സംഘങ്ങൾ മുഖേന നൽകേണ്ടതാണെന്നും 06-08-2020 ലെ സ.ഉ(സാധാ) നം.1466/2020/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ ഖ. 3 ൽ നിഷ്കർഷിക്കുന്നുണ്ട്.

3.സർക്കാർ അംഗീകാരമുള്ള സ്ഥാപനത്തിൽ നിന്നും കാലിത്തീറ്റ വിതരണം ചെയ്തതിന്റെ ക്യാഷ് ബില്ല്, ഇൻവോയ്സ് എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

2. ഗ്രാമപഞ്ചായത്തിൽ നിന്നും ഇതേ ആനുകൂല്യം നൽകിയിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

മുകളിൽ കൊടുത്ത അപാകതകൾക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.07/15-03-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക ചെലവഴിച്ചതിനാൽ ₹3400000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-15 കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണം സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നൽകി ₹20,00,000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണം | ക്ഷീര വികസന ഓഫീസർ |
| പ്രൊജക്റ്റ് നമ്പർ/പേര് | 55/21 കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണം |
| അടങ്കൽ | ₹2000000, വികസന ഫണ്ട്, പൊതുവിഭാഗം , സാധാരണ വിഹിതം |
| | ₹3820000 മറ്റുള്ളവ |
| | ₹ 5820000 |
| ചെലവ് | ₹1000000<br>20190163010000017156/11-04-2020 |
| | ₹1000000<br>20190163010000010648/11-04-2020 |

200 ഗുണഭോക്താക്കൾക്ക് 10000 രൂപ വീതം നൽകുന്നതിനാണ് തുക ചെലവഴിച്ചത്.

തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകളുണ്ട്.

1. കാലിത്തീറ്റ സർക്കാർ നിശ്ചയിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വാങ്ങേണ്ടതാണെന്നും ക്ഷീര സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യണമെന്നും സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ തീയതി 14-02-2018 ഉത്തരവിലെ ഖ.2.15ൽ നിഷ്കർഷിക്കുന്നുണ്ട്. ക്ഷീര സംഘങ്ങൾ മുഖാന്തിരം ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ വിതരണം ചെയ്തതിന്റെ രേഖ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇപ്രകാരം കാലിത്തീറ്റ ക്ഷീര സംഘങ്ങൾ മുഖേന വാങ്ങി നൽകാതെ തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്.

2.ക്ഷീരകർഷകർക്ക് കാലിത്തീറ്റയ്ക്കുള്ള ധനസഹായം പണമായി നൽകാവുന്നതല്ലായെന്നും കാലിത്തീറ്റയായി ക്ഷീര സഹകരണ സംഘങ്ങൾ മുഖേന നൽകേണ്ടതാണെന്നും 06-08-2020ലെ സ.ഉ(സാധാ) നം.1466/2020/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ ഖ. 3 ൽ നിഷ്കർഷിക്കുന്നുണ്ട്.
3.സർക്കാർ അംഗീകാരമുള്ള സ്ഥാപനത്തിൽ നിന്നും കാലിത്തീറ്റ വിതരണം ചെയ്തതിന്റെ ക്യാഷ് ബില്ല്, ഇൻവോയ്സ് എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

4.ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള ഗ്രാമപഞ്ചായത്തിൽ നിന്നും ഇതേ ആനുകൂല്യം നൽകിയിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് മുഖേന ആനുകൂല്യം ലഭിച്ചവർക്ക് തന്നെയാണോ ബ്ലോക്ക് പഞ്ചായത്ത് മുഖേന സബ്സിഡി നൽകിയതെന്ന് പരിശോധിച്ചിട്ടില്ല. ഇത് കാരണം സബ്സിഡി തുക ഇരട്ടിപ്പിന് സാധ്യതയുണ്ട്.

മുകളിൽ കൊടുത്ത അപാകതകൾക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.06/15-03-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക ചെലവഴിച്ചതിനാൽ ₹2000000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-16 വനിതാ ഗ്രൂപ്പുകൾക്ക് കറവ പശു വിതരണവും കാലിത്തൊഴുത്ത് നവീകരണവും - പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു- ₹1500000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണം | ക്ഷീര വികസന ഓഫീസർ |
| പ്രൊജക്റ്റ് നമ്പർ/പേര് | 99/21,വനിതാ ഗ്രൂപ്പുകൾക്ക് കറവ പശു വിതരണവും കാലിത്തൊഴുത്ത് നവീകരണവും |
| അടങ്കൽ | ₹1500000, വികസന ഫണ്ട്,പൊതു വിഭാഗം<br>സാധാരണ വിഹിതം |

| | |
|---|---|
| | ₹1500000 മറ്റുള്ളവ |
| | ₹3000000 |
| ചെലവ് | ₹1500000 |
| ബിൽ നമ്പർ/ തീയതി | 20190163010001433441/29-03-2021 |

വനിതാ ഗ്രൂപ്പുകൾക്ക് കറവപ്പശു വിതരണവും കാലിത്തൊഴുത്ത് നവീകരണവും എന്ന പദ്ധതിക്കായി മുണ്ടേരി ഗ്രാമ പഞ്ചായത്തിലെ കാമധേനു, പെരളശ്ശേരി ഗ്രാമ പഞ്ചായത്തിലെ നന്ദിനി, സമൃദ്ധി, ചെമ്പിലോട് ഗ്രാമ പഞ്ചായത്തിലെ സുരഭി, ഗോവർദ്ധിനി എന്നീ ഗ്രൂപ്പുകൾക്ക് ഒരു ഗ്രൂപ്പിന് മൂന്ന് ലക്ഷം രൂപ പ്രകാരം ആകെ 5 ജെ.എൽ.ജി. ഗ്രൂപ്പുകൾക്ക് സബ്സിഡി തുക ബേക്ക് എൻഡഡ് ആയി അനുവദിക്കുന്നതിന് മുകളിൽ കൊടുത്ത ചെലവ് തുക പിൻവലിച്ച് താഴെ പറയും പ്രകാരം വായ്പാ സ്ഥാപനത്തിലേക്ക് നൽകിയിട്ടുണ്ട്.

| തുക നൽകിയ സ്ഥാപനം | നൽകിയ തുക | ഉദ്ദേശ്യം |
|---|---|---|
| കാഞ്ഞിരോട് സർവ്വീസ് സഹകരണ ബാങ്കിന്റെ പേരിലുള്ള ഐ.സി.ഐ.സി.ഐ. ബാങ്കിന്റെ (തളാപ്പ് ശാഖ) അക്കൗണ്ട് നമ്പർ 116801000822 | ₹300000 | മുണ്ടേരി ഗ്രാമ പഞ്ചായത്തിലെ കാമധേനു ഗ്രൂപ്പിന് |
| പെരളശ്ശേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന്റെ പേരിലുള്ള കണ്ണൂർ ജില്ലാ സഹകരണ ബാങ്കിന്റെ (മെയിൻ ബ്രാഞ്ച്) അക്കൗണ്ട് നമ്പർ 1001054000287 | ₹300000 | പെരളശ്ശേരി ഗ്രാമ പഞ്ചായത്തിലെ നന്ദിനി ഗ്രൂപ്പിന് |
| മാവിലായി സർവ്വീസ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന്റെ പേരിലുള്ള ഐ.സി.ഐ. സി.ഐ. ബാങ്കിന്റെ (കൂത്തുപറമ്പ് ശാഖ) അക്കൗണ്ട് നമ്പർ 175801000663 | ₹300000 | പെരളശ്ശേരി ഗ്രാമ പഞ്ചായത്തിലെ സമൃദ്ധി ഗ്രൂപ്പിന് |
| ചാല ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പേരിലുള്ള കേരള ബാങ്കിന്റെ (താഴെ ചൊവ്വ ബ്രാഞ്ച്) അക്കൗണ്ട് നമ്പർ1013006000025 | ₹300000 | ചെമ്പിലോട് ഗ്രാമ പഞ്ചായത്തിലെ ഗോവർദ്ധിനി ഗ്രൂപ്പിന് |
| ചാല ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പേരിലുള്ള കേരള ബാങ്കിന്റെ (താഴെ ചൊവ്വ ബ്രാഞ്ച്) അക്കൗണ്ട് നമ്പർ 1013006000025 | ₹300000 | ചെമ്പിലോട് ഗ്രാമ പഞ്ചായത്തിലെ സുരഭി ഗ്രൂപ്പിന് |

പ്രൊജക്റ്റ് നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകളുണ്ട്

1-സ.ഉ.(കൈ)22/18/ത.സ്വ.ഭ.വ, തീയ്യതി 14.2.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.2.1 പ്രകാരം കറവപ്പശു വിതരണ പ്രൊജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രമേ ഏറ്റെടുക്കാൻ അനുമതിയുള്ളൂ. മാർഗ്ഗരേഖ ഉപഖണ്ഡിക 2.2, 2.3 പ്രകാരം പദ്ധതി മാർഗ്ഗരേഖയിൽ പറഞ്ഞിട്ടില്ലാത്ത പ്രൊജക്ടുകൾക്ക് ധനസഹായം നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്.

2.ജെ.എൽ.ജി.ഗ്രൂപ്പുകളുടെ സെക്രട്ടറി, പ്രസിഡന്റ് എന്നിവരുടെ പേരിലുള്ള ബേങ്ക് അക്കൗണ്ട്, ലോൺ തിരിച്ചടവ് സ്റ്റേറ്റ്മെന്റ് എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

3.ഗ്രൂപ്പ് അടിസ്ഥാനത്തിൽ പശുവിനെ വളർത്തുന്നതിന് ഒരുക്കിയ അടിസ്ഥാന സൗകര്യത്തിന്റെ വിവരം ലഭ്യമല്ല. കാലിത്തൊഴുത്ത് നവീകരണം പ്രൊജക്ടിന്റെ ഭാഗമാണെങ്കിലും അത്തരത്തിൽ പ്രവൃത്തി നടത്തിയതിന്റെ രേഖകൾ (എസ്റ്റിമേറ്റ്, വാല്വേഷൻ മുതലായവ) ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

4.ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ഇതേ ആനുകൂല്യം നൽകിയിട്ടില്ലെന്നുള്ള വെറ്റിനറി സർജന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

മുകളിൽ കൊടുത്ത അപാകതകൾക്ക് വ്യക്തത വരുത്താൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.08/15-03-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചതിനാലും കൃത്യമായ രേഖകൾ ഹാജരാക്കാത്തതിനാലും ഈയിനത്തിൽ ചെലവഴിച്ച ₹1500000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-17 പാലിന് സബ്സിഡി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണം | ക്ഷീര വികസന ഓഫീസർ |
| പ്രോജക്ട് നമ്പർ/പേര് | 65/21 പാലിന് സബ്സിഡി |
| അടങ്കൽ | ₹2,18,012, വികസന ഫണ്ട്,<br>പൊതു വിഭാഗം,<br>സാധാരണ വിഹിതം |
| ചെലവ് | ₹2,18,012<br>17/21-05-2020 |

കൊളച്ചേരി ഗ്രാമ പഞ്ചായത്തിന് പാലിന് സബ്സിഡിയിനത്തിലുള്ള വിഹിതം നൽകുന്നതിനാണ് മേൽ തുക ചെലവഴിച്ചത്. എന്നാൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.09/15-03-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-18 ഹാജിമെട്ട മേച്ചേരി റോഡ് പുനരുദ്ധാരണം -ഒഴിഞ്ഞ ബാരൽ വില ഈടാക്കാത്തത്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ടിന്റെ പേര്&നം | എടക്കാട് ബ്ലോക്ക് പഞ്ചായത്ത് ഹാജിമെട്ട മേച്ചേരി റോഡ് പുനരുദ്ധാരണം - മുണ്ടേരി ഗ്രാമ പഞ്ചായത്ത് -28/21 |
| അടങ്കൽ | 9,13,967 (ധനകാര്യ കമ്മീഷൻ അവാർഡ് ) |
| ചെലവ്,ബിൽ നം &തീയതി | 7,55,162 ( 7/19.3.2021) |
| കരാറുകാരൻ | എം.എം.ജോയ് |
| കരാർ തുക | 8,24,729.49 |
| അഗ്രിമെന്റ് നമ്പർ | AE/EKD/06/2020-21/ Dt 23.9.2020 |
| എം ബുക്ക് | 6/20-21 DT 23.9.20 |
| എസ്റ്റിമേറ്റ് | 10,00,000 |
| സെലക്ഷൻ നോട്ടീസ് നം. & തീയതി | AE/EKD/LSGD/28/2020-21/ Dt 16.9.2020 |
| സൈറ്റ് കൈമാറൽ | 23.9.20 |
| പ്രവൃത്തി പൂർത്തീകരണ കാലയളവ് | 3 മാസം |

മേൽ പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ താഴെ പറയുന്നു.

1-മേൽ പ്രവൃത്തിയിൽ 5269.64 Kg ടാർ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ ബില്ലിൽ നിന്നും കാലി ബാരൽ വില @238+ ജി എസ് ടി (18%) റിക്കവറി ചെയ്തിട്ടില്ല.

2-പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാതിരുന്നതിനാൽ ദീർഘീകരണത്തിനായി അസിസ്റ്റന്റ് എഞ്ചിനീയർ 15.2.2021ന് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയോട് അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ ഭരണസമിതി ആയത് അംഗീകരിച്ച് നൽകിയതിന്റെ തീരുമാനം ലഭിച്ചിട്ടില്ല. പിഴ ഈടാക്കി 10.3.2021 നാണ് പ്രവൃത്തി പൂർത്തീകരിച്ചത്

3-ജി.ഒ (പി)നം.13/2012/പി.ഡബ്ല്യൂ.ഡി/തീയതി 01-02-2012 ലെ പരിഷ്കരിച്ച പൊതുമരാമത്ത് വകുപ്പ് മാന്വലിലെ ഖണ്ഡിക 2112ൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കരാറുകാരൻ, അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിച്ചാൽ പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എന്നാൽ പരമാവധി ദീർഘീകരണം യഥാർത്ഥ സമയത്തിന്റെ 50% ൽ അധികമാവാൻ പാടില്ല. എന്നാൽ ഈ പ്രവൃത്തിയിൽ 50% ൽ അധികം സമയം അനുവദിച്ചിട്ടുണ്ട്.

അപാകങ്ങൾക്ക് മറുപടി/രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (10/15.3.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. കാലി ബാരൽ വില 8039 + ജി എസ് ടി (1446) കരാറുകാരനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കേണ്ടതാണ്. പ്രവൃത്തി ദീർഘീകരണം അനുവദിച്ച ഭരണസമിതി തീരുമാനം ലഭ്യമാക്കേണ്ടതാണ്. പ്രവൃത്തി കാലാവധി 50% ൽ അധികം ദീർഘിപ്പിച്ച് നൽകിയത് സർക്കാർ ഉത്തരവിന് വിരുദ്ധമാണെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

## 1-19 റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്റർ നിഷ്ക്രിയ ആസ്തിയായി മാറാതെയിരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| പ്രോജക്ടിന്റെ പേര്&നം | പഴയ എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ കെട്ടിട കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന ഒരു കെട്ടിടം പുനരുദ്ധരിച്ച് ആർ ആർ എഫ് കേന്ദ്രമാക്കൽ-63/20 & 59/21 |
| അടങ്കൽ | 17,24.080 (വികസന ഫണ്ട് -പൊതു വിഭാഗം -സാധാരണ വിഹിതം ) |
| ചെലവ്,ബിൽ നം &തീയതി | 5,66,228 ( 2/29.5.2019) |
| | 7,82,412 (5/4.6.20) |
| ആകെ ചെലവ് | 1348640 |
| കരാറുകാരൻ | പി.അജിത്ത് |
| കരാർ തുക | 17,18,287.69 |
| എഗ്രിമെന്റ് നമ്പർ | AEE/EKD/16/2018-19 Dt 19.2.2019 |
| എം ബുക്ക് | 17/18-19,20/18-19 |
| പ്രവൃത്തി പൂർത്തീകരിച്ചതീയതി | 9.8.2019 |

പഴയ എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ കെട്ടിട കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന ഒരു കെട്ടിടം പുനരുദ്ധരിച്ച്, ബ്ലോക്കിന്റെ പരിധിയിലുള്ള 5 പഞ്ചായത്തുകളിലേയും അജൈവ മാലിന്യങ്ങൾ റീസൈക്ലിംഗ് ചെയ്ത് പുനരുപയോഗ്യമാക്കുന്നതിനുള്ള റിസോഴ്സ് റിക്കവറി സെന്റർ സ്ഥാപിക്കുന്നതിനായി 2018-19ൽ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. 2019-20, 2020-21 വർഷങ്ങളിലായി ആർ ആർ എഫ് കേന്ദ്രത്തിന്റെ സിവിൽ പ്രവൃത്തി പൂർത്തിയായിട്ടുണ്ടെങ്കിലും പരിസരവാസികളുടെ പ്രതിഷേധം കാരണം ആർ ആർ എഫ് കേന്ദ്രം പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്നാണ് ഓഡിറ്റ് എൻക്വയറിയ്ക്ക് (2/13.3.22) മറുപടി നൽകിയത്.

കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 7.1.2022 ലെ കത്തിന്റെ അടിസ്ഥാനത്തിൽ, ഈ കെട്ടിടം വ്യവസായ സംരംഭം തുടങ്ങുന്നതടക്കമുള്ള മറ്റാവശ്യങ്ങൾക്കായി വിട്ടു കൊടുത്തു കൊണ്ട് ആർ ആർ എഫ് കേന്ദ്രത്തിനായി മറ്റൊരു സ്ഥലത്ത് കെട്ടിടം പണിയാൻ ഉദ്ദേശിക്കുന്നതിനുള്ള അനുമതിക്കായി അപേക്ഷിച്ചതിനാൽ സർക്കാർ ഉത്തരവ് (സാധാ)നം.544/2022/LSGD തീയതി 7.3.2022 പ്രകാരം,ആർ ആർ എഫ് ന് വേറെ കെട്ടിടം പണിത് പ്രവർത്തനം ആരംഭിച്ചതിന് ശേഷം ഈ കെട്ടിടം മറ്റാവശ്യങ്ങൾക്ക് വിട്ടു നൽകാനായി ഉത്തരവായിട്ടുണ്ട്. പുതിയ ആർ ആർ എഫ് കേന്ദ്രത്തിനായി 42 ലക്ഷം രൂപ അടങ്കലിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്ന് കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ മേൽ കത്തിൽ അറിയിച്ചിട്ടുണ്ട്. പുതിയ പദ്ധതി നിർവ്വഹണത്തിന്റെ ആരംഭ ഘട്ടത്തിൽ തന്നെ ആവശ്യമായ മുന്നൊരുക്കങ്ങളും, ജനങ്ങൾക്ക് ബോധവൽക്കരണവും നടത്തി ആർ ആർ എഫ് കേന്ദ്രമെന്ന ലക്ഷ്യം പൂർത്തീകരിക്കേണ്ടതും നിലവിലുള്ള കെട്ടിടം നിഷ്ക്രിയ ആസ്തിയായി മാറാതിരിക്കാൻ സർക്കാർ ഉത്തരവനുസരിച്ചുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-20 വാഹനം വാടകയ്ക്ക് എടുക്കൽ -ആദായ നികുതി ഒടുക്ക് രേഖകൾ ഹാജരാക്കേണ്ടത്

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

എഞ്ചിനീയറിംഗ് വിഭാഗത്തിന് വാഹനം വാടകയ്ക്ക് എടുക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ.പ്രേമരാജൻ.കെ എന്നവരെ ക്വട്ടേഷൻ മുഖാന്തിരം തെരഞ്ഞെടുത്തിട്ടുണ്ട്. ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194 സി പ്രകാരം വെഹിക്കിൾ ഹയർ ചാർജ്ജസ് 1ലക്ഷം രൂപയിൽ കവിയുന്ന സംഗതികളിൽ പാൻ കാർഡ് ഉള്ള കരാറുകാരിൽ നിന്നും 1% നിരക്കിൽ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. ഇപ്രകാരം ആദായ നികുതി ഒടുക്കിയിട്ടുണ്ടോ എന്ന്

ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (16/18.03.22) മറുപടി ലഭ്യമാക്കിയിട്ടില്ല. 2019-20, 2020-21 വർഷം ശ്രീ.പ്രേമരാജൻ.കെ എന്നവർക്ക് നൽകിയ തുകയുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രോജക്ട് & നം. | എഞ്ചിനീയറിംഗ് വിഭാഗത്തിന് വാഹനം വാടകയ്ക്ക് എടുക്കൽ-62/20 | 2019-20 വർഷത്തിലേയ്ക്ക് എഞ്ചിനീയറിംഗ് വിഭാഗത്തിന് വാഹനം വാടകയ്ക്ക് എടുക്കൽ -75/20 | 2019-20 വർഷത്തിലേയ്ക്ക് എഞ്ചിനീ യറിംഗ് വിഭാഗത്തിന് വാഹനം വാടകയ്ക്ക് എടുക്കൽ -51/21 | 2020-21 വർഷത്തി ലേയ്ക്ക് എഞ്ചിനീ യറിംഗ് വിഭാഗ ത്തിന് വാഹനം വാടകയ്ക്ക് എടുക്കൽ -35/21 |
|---|---|---|---|---|
| അടങ്കൽ | 45100 | 300000 | 84600 | 3,50,000 |
| ചെലവ് | 44850 | 215400 | 84600 | 2,62,400 |
| നൽകിയ മാസം | 3/19, 4/19 (പകുതി ദിവസം ) | 8/19 മുതൽ 2/20 വരെ | 3/20, 4/20, 5/20 | 7/20 മുതൽ 3/21 വരെ |
| കരാർ തുക | 29,900 | 31000 | 31000 | 32000 |

ആദായ നികുതി കുറവു ചെയ്തതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-21 പൊതുമരാമത്ത് പദ്ധതി ഫയൽ സൂക്ഷിപ്പിലെ അപാകങ്ങൾ

അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ രേഖകളുടെ സൂക്ഷിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- പ്രവൃത്തി പൂർത്തീകരണ തീയതി കരാറിൽ രേഖപ്പെടുത്തുന്നില്ല. ചില പ്രവൃത്തികളുടെ ഫയലിൽ സെലക്ഷൻ നോട്ടീസ്,സൈറ്റ് കൈമാറിയ രേഖകൾ, എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ വച്ചിട്ടില്ല

2-കരാറുകാരന്റേതല്ലാത്ത കാരണങ്ങളാൽ സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാതിരിക്കുമ്പോൾ ഭരണസമിതി തീരുമാന പ്രകാരം ദീർഘിപ്പിക്കാൻ അനുമതി കൊടുക്കുന്നുണ്ട്. എന്നാൽ പൊതുമരാമത്ത് മാനുവലിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമായി 50% ൽ അധികം സമയം ദീർഘീകരണം നൽകുന്നു.

3-പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. അതിനാൽ ഒരു പ്രോജക്ടിന് വേണ്ടി ചെലവഴിച്ച ബില്ലുകളുടെ വിവരം കൃത്യമായി ലഭിക്കുന്നില്ല .

4-ഗ്രാമ പഞ്ചായത്തുകളിൽ ചെയ്ത റോഡ് പ്രവൃത്തികളിൽ, ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിന്റെ രേഖാ മൂലമുള്ള സമ്മതപത്രം വാങ്ങിയിട്ടില്ല

5-സബ്സിഡിയറി ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല

6-അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ 2പേർക്കും കൂടി ഒരു ടി ആർ (7A) കാഷ് ബുക്ക് മാത്രമേ ഉള്ളൂ

7- കരാറുകാർക്ക് തുക കൈമാറുന്നത് അക്കൗണ്ട് മുഖാന്തിരമാണ് .എന്നാൽ കരാറുകാരുടെ ബാങ്ക് അക്കൗണ്ട് പകർപ്പ് വെച്ചിട്ടില്ല.

8-മരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കുന്നില്ല.

9-പ്രവൃത്തിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല.

രേഖകളുടെ സൂക്ഷിപ്പിലുള്ള അപാകങ്ങൾ പൊതുമരാമത്ത് പ്രവർത്തികളുടെ കാര്യക്ഷമമായ നടത്തിപ്പിന് പ്രയാസമുണ്ടാക്കുന്നതാണ് . ഈ കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റേയും ഭരണസമിതിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-22 ജി എസ് ടി ഇൻവോയ്സ് ലഭ്യമാക്കേണ്ടത്

GST നിയമം 2017 വകുപ്പ് 31(2) പ്രകാരം എല്ലാ നികുതി ബാധകമായ സേവനങ്ങൾക്കും സേവനത്തിന്റെ മൂല്യം , നികുതി

എന്നിവയും മറ്റ് വിവരങ്ങളും ഉൾക്കൊള്ളിച്ച് സേവന ദാതാവ് ഇൻവോയ്സ് നല്കേണ്ടതുണ്ട്. ഈ ഇൻവോയ്സ് നികുതി അസസ്സ്മെന്റ് ഉറപ്പ് വരുത്തുന്നു. പ്രവൃത്തിമൂല്യം 2,50,000/- രൂപയിൽ താഴെ മൂല്യമുള്ള പൊതുമരാമത്ത് പ്രവൃത്തികൾക്ക് TDS ബാധകമാക്കാത്തതിനാൽ കരാറുകാർ റിട്ടേൺ സമർപ്പിക്കേണ്ടതില്ല. എന്നാൽ GST ഇനത്തിൽ ഈ പ്രവൃത്തികൾക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്ന് തുക നൽകിയിട്ടുണ്ട്. അതിനാൽ പഞ്ചായത്ത് ഫണ്ടിൽ നിന്ന് GST ഇനത്തിൽ നൽകുന്ന തുക നികുതി അസ്സസ്സ്മെന്റിന് വിധേയമാകുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുണ്ട്.പഞ്ചായത്ത്, കരാറുകാർക്ക് (സേവനദാതാവിന്) നൽകുന്ന തുകയ്ക്ക് നിലവിൽ ഇൻവോയ്സ് ലഭ്യമാക്കാത്തതിനാൽ പഞ്ചായത്ത് 2020-21 വർഷം നടപ്പാക്കിയതും 2,50,000/- രൂപയിൽ താഴെ മൂല്യമുള്ളതുമായ പ്രവൃത്തികൾക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്ന് GST ഇനത്തിൽ നൽകിയ തുക സർക്കാരിലേക്ക് അടവാക്കിയോ എന്ന് ഉറപ്പ് വരുത്തിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (12/15.3.22) മറുപടി/രേഖകൾ ഹാജരാക്കിയിട്ടില്ല

2020-21 വർഷം നടപ്പാക്കിയ 2,50,000/- രൂപയിൽ കുറവ് മൂല്യമുള്ളതും GST ഇനത്തിൽ കരാറുകാരന് തുക നൽകിയ പ്രവൃത്തിയുടെ വിവരം താഴെ കൊടുക്കുന്നു. ജി.എസ്.ടി. ഇനത്തിൽ നൽകിയ തുക സർക്കാരിലേക്ക് അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ടിന്റെ പേര്&നം | എടക്കാട് ഐ ആർ ഡി പി ,വി ഇ ഒ ഓഫീസ് കെട്ടിടത്തിന് ടോയ്ലറ്റ് നിർമ്മാണം 34/21 |
| ചെലവ്,ബിൽ നം. & തീയതി | 91594 ( 6/16.3.2021) |
| കരാറുകാരൻ | ഉമേഷ്.സി |
| പ്രവൃത്തി മൂല്യം | 81,779 |
| എം ബുക്ക് | 5/20-21 Dt. 23.9.20 |
| ജി എസ് ടി | 9814 |

## 1-23 അഗതി രഹിത കേരളം ഭവന നിർമ്മാണം വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ പേര്&നം | അഗതി രഹിത കേരളം ഭവന നിർമ്മാണം ബ്ലോക്ക് വിഹിതം നൽകൽ-ചെമ്പിലോട് -93/21 |
| അടങ്കൽ | 4,00,000 (വികസന ഫണ്ട്-പൊതു വിഭാഗം -സാധാരണ വിഹിതം ) |
| ചെലവ് | 4,00,000 |
| ബിൽ നം &തീയതി | 147/5/2/21 -3,20,000 (എ സി ആർ പ്രകാരം)<br>230/29/3/21-80,000 (എ സി ആർ പ്രകാരം) |

അഗതി രഹിത കേരളം ഭവന നിർമ്മാണം ബ്ലോക്ക് വിഹിതം വിഹിതം നൽകൽ പദ്ധതിയിൽ ചെമ്പിലോട് ഗ്രാമ പഞ്ചായത്തിന് നൽകിയ തുകയുടെ തുക കൈപ്പറ്റി രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. ഇവ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (25/23/3/22) മറുപടി നൽകിയിട്ടില്ല. തുക കൈപ്പറ്റിയ രശീതി, വിനിയോഗ സാക്ഷ്യ പത്രം എന്നിവ ഹാജരാക്കേണ്ടതാണ്.

## 1-24 ലൈഫ് മിഷൻ ഭവന പദ്ധതി -വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര്&നം | ലൈഫ് മിഷൻ ഭവന പദ്ധതി- ഭൂരഹിത ഭവന രഹിതർക്ക് ധനസഹായം - 41/21 | |
| അടങ്കൽ | 63,89,159 (വികസന ഫണ്ട്-പൊതു വിഭാഗം – സാധാരണ വിഹിതം) | |
| ചെലവ് | 63,88,000 | |
| ബിൽ നം & തീയതി (എ സിആർ പ്രകാരം ) | 44/12.8.20 | 9,40,000 |
| | 47/17.8.20 | 1,00,000 |
| | 84/10.11.20 | 3,10,000 |
| | 85/10.11.20 | 4,80,000 |
| | 86/11.11.20 | 1,60,000 |
| | 90/27.11.20 | 5,00,000 |
| | 123/18.1.21 | 3,00,000 |
| | 124/18.1.21 | 3,00,000 |
| | 140/3.2.21 | 2,40,000 |
| | 145/5.2.21 | 6,00,000 |
| | 146/5.2.21 | 5,000 |
| | 158/16.2.21 | 2,50,000 |
| | 172/25.2.21 | 4,00,000 |
| | 174/25.2.21 | 2,00,000 |
| | 189/8.3.21 | 4,60,000 |
| | 190/8.3.21 | 2,40,000 |
| | 211/27.3.21 | 4,40,000 |
| | 213/27.3.21 | 3,00,000 |
| | 222/27.3.21 | 69,884 |
| | 231/29.3.21 | 93,116 |

₹63,88,000 താഴെ കാണും വിധം വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്.

കൊളച്ചേരി - 58,48,000

ചെമ്പിലോട് - 1,00,000

മുണ്ടേരി - 4,40,000

നൽകിയ തുകയുടെ കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. ഇവ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (30/23/3/22) മറുപടി നൽകിയിട്ടില്ല. കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്.

## 1-25 ലൈഫ് ഭവന നിർമ്മാണം എസ് സി വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ പേര്&നം | ലൈഫ് ഭവന നിർമ്മാണം എസ് സി വിഹിതം നൽകൽ-108/21 |

| | |
|---|---|
| അടങ്കൽ | 2,35,000<br>(വികസന ഫണ്ട്-എസ് സി പി ) |
| ചെലവ് | 2,35,000 |
| ബിൽ നം &തീയതി<br>(എ സിആർ പ്രകാരം) | 165/17/2/21 |

ലൈഫ് ഭവന നിർമ്മാണം എസ് സി വിഹിതം നൽകൽ പദ്ധതിയിൽ കൊളച്ചേരി ഗ്രാമ പഞ്ചായത്തിന് നൽകിയ തുകയുടെ കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. ഇവ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/23/3/22) മറുപടി നൽകിയിട്ടില്ല. തുക കൈപ്പറ്റിയ രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്.

## 1-26 ബഡ്സ് സ്കൂൾ നടത്തിപ്പിന് ബ്ലോക്ക് വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ പേര്&നം | ബഡ്സ് സ്കൂൾ നടത്തിപ്പിന് ബ്ലോക്ക് വിഹിതം നൽകൽ-37/21 |
| അടങ്കൽ | 12,03,600 (വികസന ഫണ്ട്-പൊതു വിഭാഗം -സാധാരണ വിഹിതം ) |
| ചെലവ് | 10,49,115 |
| ബിൽ നം &തീയതി (എ സി ആർ പ്രകാരം) | 37/15/07/20 - 315600<br>108/1.1.21 - 2,88,000<br>173/25.2.21 -1,72,853<br>214/27.8.21 - 1,28,662<br>232/29/3/21 -1,44,000 |

ബഡ്സ് സ്കൂൾ നടത്തിപ്പിന് ബ്ലോക്ക് വിഹിതം നൽകൽ പദ്ധതിയിൽ കൊളച്ചേരി ഗ്രാമ പഞ്ചായത്തിന് തുക നൽകിയതിന്റെ കൈപ്പറ്റ് രശീതി , വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. തുക കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്.

## 1-27 ഗ്രാമ പഞ്ചായത്തുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് ധനസഹായം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ പേര്&നം | ഗ്രാമ പഞ്ചായത്തുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് ധനസഹായം -48/21 |
| അടങ്കൽ | 42,86,083 (വികസന ഫണ്ട്-ധനകാര്യ കമ്മീഷൻ അവാർഡ് ) |
| ചെലവ് | 2,55,821 |
| ബിൽ നം &തീയതി | 229/29/03/21 (എ സി ആർ പ്രകാരം ) |

ഗ്രാമ പഞ്ചായത്തുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് ധനസഹായം നൽകൽ പദ്ധതിയിൽ കൊളച്ചേരി ഗ്രാമ പഞ്ചായത്തിന് നൽകിയ തുകയുടെ കൈപ്പറ്റ് രശീതി , വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ഇവ

ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (27/23/3/22) മറുപടി നൽകിയിട്ടില്ല. തുക കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്.

## 1-28 വനിതാ ഹോസ്റ്റൽ നിർമ്മാണത്തിന് കിലയ്ക്ക് ബ്ലോക്ക് വിഹിതം നൽകിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ പേര്&നം | കില കൊട്ടാരക്കരയിൽ സിഎച്ച്ആർ ഡിയിൽ വനിതാ ഹോസ്റ്റൽ നിർമ്മാണത്തിന് ബ്ലോക്ക് വിഹിതം നൽകൽ-58/21 |
| അടങ്കൽ | 3,00,000 (വികസന ഫണ്ട്-പൊതു വിഭാഗം -സാധാരണ വിഹിതം ) |
| ചെലവ് | 3,00,000 |
| ബിൽ നം & തീയതി | 2/20/04/20 |

കില കൊട്ടാരക്കരയിൽ സിഎച്ച്ആർ ഡിയിൽ വനിതാ ഹോസ്റ്റൽ നിർമ്മാണത്തിന് കിലയ്ക്ക് ബ്ലോക്ക് വിഹിതം നൽകിയതിന്റെ കൈപ്പറ്റി രശീതി , വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.ഇവ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (26/23/3/22) മറുപടി നൽകിയിട്ടില്ല. തുക കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്.

## 1-29 ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിഹിതം കൈമാറൽ പ്രോജക്ട് - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ എടക്കാട് |
| പ്രോജക്ട് നമ്പർ | 2/21 |
| പ്രോജക്ടിന്റെ പേര് | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിഹിതം കൈമാറൽ |
| അടങ്കൽ | ₹ 800000 വികസന ഫണ്ട് പൊതുവിഭാഗം |
| ചെലവ് തുക, ബിൽ നം / തീയതി | ₹ 765000, 4/06.01.2021 |

പഞ്ചായത്തുകളിലെ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പ്രോജക്ടിന് ബ്ലോക്ക് വിഹിതം കൈമാറുന്നതിനുള്ള മേൽ പ്രോജക്ടിന്റെ ഭാഗമായി പെരളശ്ശേരി ഗ്രാമപഞ്ചായത്തിന് 4 ലക്ഷം രൂപയും കടമ്പൂർ പഞ്ചായത്തിന് 365000/- രൂപയും നൽകിയിട്ടുണ്ട്. എന്നാൽ ഇതിന്റെ വിനിയോഗസാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ(നം.14/18.03.2022) ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-30 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ (എടക്കാട് അഡീഷണൽ) |
| പ്രോജക്ട് നമ്പർ | 44/21 |
| പ്രോജക്ടിന്റെ പേര് | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് |
| അടങ്കൽ | ₹ 1075000വികസന ഫണ്ട് പൊതുവിഭാഗം |
| ചെലവ് തുക, ബിൽനം/തീയതി | ₹ 105800, 8/05.02.2021<br>₹ 108000, 9/05.02.2021 |

| | |
|---|---|
| ആകെ | ₹ 111200, 10/05.02.2021<br>₹ 300000, 198/16.03.2021(ACR പ്രകാരം)<br>₹ 450000, 199/16.03.2021(ACR പ്രകാരം)<br>₹ 10750000 |

പഞ്ചായത്തുകളിലെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പ്രോജക്ടിന് ബ്ലോക്ക് വിഹിതം കൈമാറുന്നതിനുള്ള മേൽ പ്രോജക്ടിന്റെ ഭാഗമായി കൊളച്ചേരി ഗ്രാമപഞ്ചായത്തിന് 3 ലക്ഷം രൂപയും ചെമ്പിലോട് ഗ്രാമപഞ്ചായത്തിന് 450000/- രൂപയും മുണ്ടേരി ഗ്രാമപഞ്ചായത്തിന് 325000 രൂപയും നൽകിയിട്ടുണ്ട്. എന്നാൽ കൊളച്ചേരി ഗ്രാമപഞ്ചായത്തിന് നൽകിയ 3 ലക്ഷം രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. കൊളച്ചേരി ഗ്രാമപഞ്ചായത്തിന് കൈമാറിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ (നം.22/23.03.2022) ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-31 ഗ്രാമ പഞ്ചായത്തുകൾക്ക് പാലിയേറ്റീവ് കെയർ ബ്ലോക്ക് വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി,ഇരിവേരി |
| പ്രോജക്ട് നമ്പർ/പേര് | 83/21,ഗ്രാമ പഞ്ചായത്തുകൾക്ക് പാലിയേറ്റീവ് കെയർ ബ്ലോക്ക് വിഹിതം നൽകൽ |
| അടങ്കൽ | ₹ 11,35,000<br>(വികസന ഫണ്ട്,പൊതുവിഭാഗം,സാധാരണ വിഹിതം) |
| ചെലവ് | ₹3,19,383, 125/18-01-2021 |
| | ₹2,03,075, 113/06-01-2021 |
| | ₹30,590, 127/18-01-2021 |
| | ₹1,02,736, 170/23-02-2021 |
| | ₹42,160, 176/01-03-2021 |
| | ₹80,480, 177/01-03-2021 |
| | ₹38,510, 179/05-03-2021 |
| | ₹9,200, 215/27-03-2021 |
| ആകെ ചെലവ് | ₹8,26,134 |

പാലിയേറ്റീവ് കെയർ ബ്ലോക്ക് വിഹിതം ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറുന്നതിനാണ് മേൽ തുക ചെലവഴിച്ചത്. തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

1.ഏത് ഗ്രാമ പഞ്ചായത്തിനാണ് തുക നൽകിയതെന്ന് വ്യക്തമല്ല.

2.തുക വിനിയോഗ സാക്ഷ്യപത്രമില്ല

മേൽ പറഞ്ഞ രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21/23-03-2022) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-32 ജനകീയ ഹോട്ടലിന് റിവോൾവിംഗ് ഫണ്ട് - രേഖകൾ ഹാജരാക്കാത്തത് ₹40,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ പേര്&നം | ജനകീയ ഹോട്ടലിന് റിവോൾവിംഗ് ഫണ്ട് നൽകൽ -77/21 |
| അടങ്കൽ | 1,00,000(വികസന ഫണ്ട്-പൊതു വിഭാഗം -ജനറൽ) |
| ചെലവ് | 80,000 |

| | |
|---|---|
| ബിൽ നം &തീയതി | 24/18/11/20- 40,000<br>47/29/3/21 -40,000 |

വിശപ്പ് രഹിത പദ്ധതിയിൽ ബ്ലോക്ക് പരിധിയിലെ 5 ജനകീയ/കുടുംബശ്രീ ഹോട്ടലുകൾക്ക് ₹ 20,000 വീതം റിവോൾവിംഗ് ഫണ്ട് അനുവദിച്ച് കുറഞ്ഞ ചെലവിൽ ഭക്ഷണം നൽകി സഹായിക്കുന്നതിന് വിഭാവനം ചെയ്ത പദ്ധതിയിൽ4 ജനകീയ/കുടുംബശ്രീ ഹോട്ടലുകൾക്ക് താഴെ കാണും വിധം ₹ 20,000 വീതം റിവോൾവിംഗ് ഫണ്ട് നൽകിയിട്ടുണ്ട്.

കൊളച്ചേരി ഗ്രാമ പഞ്ചായത്ത് - 20,000

പെരളശ്ശേരി ഗ്രാമ പഞ്ചായത്ത് - 20,000

മുണ്ടേരി ഗ്രാമ പഞ്ചായത്ത് - 40,000(2 യൂണിറ്റിന് )

1. 4 യൂണിറ്റിന്റെയും റിവോൾവിംഗ് ഫണ്ട് തിരിച്ചടവിന്റെയും, തിരിച്ചടക്കുന്നതിന് വേണ്ടി തുടങ്ങിയ റിവോൾവിംഗ് ഫണ്ട് റീപ്പെയ്മെന്റ് അക്കൗണ്ടിന്റെ വിശദാംശങ്ങൾ.

2. റിവോൾവിംഗ് ഫണ്ട് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കുന്ന രജിസ്റ്റർ

3. ഹോട്ടലുകളുടെ തുടർ പ്രവർത്തനം, വരവ് ചെലവുകളുടെ കണക്ക്, മിനുട്ടസ് ബുക്ക് എന്നിവ പരിശോധിച്ച് തയ്യാറാക്കിയ റിപ്പോർട്ട്.

4. മുണ്ടേരി ഗ്രാമ പഞ്ചായത്തിലെ 2 യൂണിറ്റിന്റെ പേര്,അഫിലിയേഷൻ,അംഗങ്ങളുടെ എണ്ണം ,പേര് വിവരങ്ങൾ, സംരംഭത്തിന്റെ പേരിലുള്ള ബാങ്ക് പാസ്സ് ബുക്ക് പകർപ്പ് ,സംരംഭ യൂണിറ്റിനെ ജനകീയ ഹോട്ടൽ നടത്തിപ്പിനായി ചുമതലപ്പെടുത്തിയ ഭരണസമിതി തീരുമാനം എന്നിവ ലഭ്യമാക്കിയിട്ടില്ല.

മേൽ പറഞ്ഞവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (31/24/3/22) മറുപടി /രേഖകൾ ഹാജരാക്കിയിട്ടില്ല. അതിനാൽ മുണ്ടേരി ഗ്രാമ പഞ്ചായത്തിലെ 2 യൂണിറ്റിന് നൽകിയ ₹ 40,000 തടസ്സപ്പെടുത്തുന്നു.

റിവോൾവിംഗ് ഫണ്ട് കൈപ്പറ്റിയ 4 യൂണിറ്റുകളിലെ ജനകീയ ഹോട്ടലുകളുടെയും തുടർപ്രവർത്തനം വിലയിരുത്തേണ്ടതും ആവശ്യമായ രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 1-33 വനിതാ ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ - ചെലവ് തുകയിൽ അധികമായി സബ്സിഡി അനുവദിച്ചു- ₹70546 തടസ്സപ്പെടുത്തുന്നു

എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭം ആരംഭിക്കുന്നതിന് വേണ്ടിയാണ് മേൽ പ്രോജക്ട്. അതിനായി ഗ്രേഡ് ചെയ്ത് അർഹത തെളിയിച്ച വനിതാസംഘങ്ങൾക്ക് സബ്സിഡി തുക അനുവദിക്കുന്നു. സംരംഭത്തിനായി 4 ലക്ഷം രൂപ ബേങ്ക് ലോൺ എടുക്കുന്ന വനിതാ ഗ്രൂപ്പുകൾക്ക് 3 ലക്ഷം രൂപ സബ്സിഡി അനുവദിക്കുന്നു. പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട് നമ്പർ | 53/21 |
| പ്രോജക്ടിന്റെ പേര് | വനിതാ ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ (SO) |
| അടങ്കൽ<br>ആകെ | ₹ 300000 വികസന ഫണ്ട് പൊതുവിഭാഗം<br>₹ 600000<br>₹ 900000 |
| ചെലവ് തുക,ബിൽ നം/തീയതി | ₹ 300000,7/11.04.2020 (ACR പ്രകാരം) |

പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. മേൽ പ്രോജക്ടിന്റെ ഭാഗമായി ശ്രീലക്ഷ്മി വനിതാ ഗ്രൂപ്പിന് പലഹാര യൂണിറ്റിനായി 3 ലക്ഷം രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. ലോൺ ലഭിച്ച് സംരംഭം ആരംഭിച്ചതിന് ശേഷം സംരംഭത്തിന്റെ ചെലവ് രേഖകളുടെ അടിസ്ഥാനത്തിലാണ് സബ്സിഡി അനുവദിക്കേണ്ടത്. എന്നാൽ ഇവിടെ മുല്ലക്കൊടി കോ ഓപ്പ് റൂറൽ ബാങ്കിൽ നിന്നും ലോൺ അനുവദിച്ചിട്ടുള്ളത് 02.05.2020നാണ്. അതിന് മുമ്പ് തന്നെ സബ്സിഡി തുക ബാങ്കിന് നൽകിയിട്ടുണ്ട് (11.04.2020 തീയതി).

2. ഗ്രൂപ്പ് സമർപ്പിച്ച ചെലവ് തുക 229454 ആണ്. ചെലവ് തുകയേക്കാൾ കൂടുതൽ സബ്സിഡി അനുവദിച്ചിട്ടുണ്ട്.

3.വനിതാസംഘങ്ങൾ അവരുടെ സംരംഭത്തിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ തന്നെ ഫിക്സഡ് ക്യാപ്പിറ്റൽ, വർക്കിംഗ് ക്യാപ്പിറ്റൽ എന്നിവ എത്രയാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമല്ല. സംഘത്തിന്റെ വരവ് ചെലവ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
4.സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരം ഫയലിൽ ലഭ്യമല്ല.

5.മോണിറ്ററിംഗ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (18/21.03.2022) മറുപടിയായി നിലവിൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

ലോൺ അനുവദിക്കുന്നതിന് മുമ്പ് തന്നെ സബ്സിഡി തുക ബാങ്കുകൾക്ക് കൈമാറിയത് ശരിയായ നടപടി ക്രമമല്ല. മേൽ ഗ്രൂപ്പ് സംരംഭം നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ടെങ്കിലും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കാത്തത് അപാകതയാണ്. ഹാജരാക്കിയ ചെലവ് തുകയേക്കാൾ അധികമായി അനുവദിച്ച സബ്സിഡി തുകയായ ₹70546(300000-229454) തടസ്സപ്പെടുത്തുന്നു.

## 1-34 വനിതാഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട് നമ്പർ | 3/21 |
| പ്രോജക്ടിന്റെ പേര് | വനിതാഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ |
| അടങ്കൽ<br>ആകെ | ₹ 1200000 വികസന ഫണ്ട് പൊതുവിഭാഗം<br>₹ 400000<br>₹ 1600000 |
| ചെലവ് തുക ,ബിൽ നം/തീയതി | ₹300000, 74/23.10.2020(ACR പ്രകാരം)<br>₹300000, 167/19.02.2021 (ACR പ്രകാരം)<br>₹ 600000 |

എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭം ആരംഭിക്കുന്നതിന് വേണ്ടിയാണ് മേൽ പ്രോജക്ട്. അതിനായി ഗ്രേഡ് ചെയ്ത് അർഹത തെളിയിച്ച വനിതാസംഘങ്ങൾക്ക് സബ്സിഡി തുക അനുവദിക്കുന്നു. സംരംഭത്തിനായി 4 ലക്ഷം രൂപ ബാങ്ക് ലോൺ എടുക്കുന്ന വനിതാ ഗ്രൂപ്പുകൾക്ക് 3 ലക്ഷം രൂപ സബ്സിഡി അനുവദിക്കുന്നു.

പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

1.2020-21 വർഷം 2 വനിതാഗ്രൂപ്പ് സംരംഭങ്ങൾക്ക് 3 ലക്ഷം രൂപ വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട്. ലോൺ ലഭിച്ച് സംരംഭം ആരംഭിച്ചതിന് ശേഷം സംരംഭത്തിന്റെ ചെലവ് രേഖകളുടെ അടിസ്ഥാനത്തിലാണ് സബ്സിഡി അനുവദിക്കേണ്ടത്. എന്നാൽ ഇവിടെ ഒരു ഗ്രൂപ്പിന് ലോൺ അനുവദിക്കുന്നതിന് മുമ്പ് തന്നെ സബ്സിഡി തുക ബേങ്കുകൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഗ്രൂപ്പുകൾ സമർപ്പിച്ച ചെലവ് തുക സബ്സിഡി തുകയെക്കാൾ കുറവാണ്. വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | ഗ്രൂപ്പിന്റെ പേര് | സബ്സിഡി തുക കൈമാറിയ ബേങ്കിന്റെ പേര് | സബ്സിഡി അനുവദിച്ച തീയതി | ബേങ്ക് ലോൺ അനുവദിച്ച തീയതി | സമർപ്പിച്ച ചെലവ് തുക |
|---|---|---|---|---|---|
| 1 | ശ്രേയസ്സ് വനിതാസ്വയം സഹായ സംഘം | കടമ്പൂർ ലേബർ വെൽഫെയർ സൊസൈറ്റി | 19.02.2021 | 18.02.2021 | 294056 |

| | | | | | |
|---|---|---|---|---|---|
| 2 | സ്വീറ്റി വനിതാസ്വയം സഹായ സംഘം | മാവിലായി സർവ്വീസ് കോ ഓപ്പ് ബേങ്ക് | 23.10.2020 | 22.02.2021 | 41535 |

2.വനിതാസംഘങ്ങൾ അവരുടെ സംരംഭത്തിന്റെ പ്രോജക്ട് റിപ്പോർട്ടിൽ ഫിക്സഡ് ക്യാപ്പിറ്റൽ, വർക്കിംഗ് ക്യാപ്പിറ്റൽ എന്നിവ കണക്കാക്കിയിട്ടുണ്ടെങ്കിലും ആയത് പ്രകാരമല്ല സംരംഭം ആരംഭിച്ചിട്ടുള്ളത്. സ്വീറ്റി വനിതാസംഘത്തിന്റെ പ്രോജക്ട് റിപ്പോർട്ടിൽ ഫിക്സഡ് ക്യാപ്പിറ്റൽ 3 ലക്ഷമാണ് വകയിരുത്തിയതെങ്കിലും ചെലവ് രേഖകൾ പ്രകാരം ₹41535 സാധനങ്ങൾ മാത്രമാണ് വാങ്ങിയിട്ടുള്ളത്.

3. മോണിറ്ററിംഗ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/21.03.2022)മറുപടിയായി സ്വീറ്റി വനിതാസംഘം സ്ഥിരാസ്തി ഇനത്തിൽ 1.5 ലക്ഷം രൂപ വിലവരുന്ന സാധനങ്ങൾ വാങ്ങിയിട്ടുണ്ടെന്നും കോവിഡ് 19 സാഹചര്യമായതിനാലാണ് മുഴുവൻ തുകയുടെ സാധനങ്ങളും വാങ്ങാതിരുന്നതെന്നും അറിയിച്ചിട്ടുണ്ട്. സംഘം ഹാജരാക്കിയ ചില ബില്ലുകളിൽ സ്ഥാപനത്തിന്റെ പേര് , തീയതി തുടങ്ങിയ വിവരങ്ങൾ ചേർത്തിട്ടില്ല. ആയതിനാൽതന്നെ ബില്ലുകളുടെ സുതാര്യത വ്യക്തമാക്കപ്പെട്ടിട്ടില്ല. ലോൺ അനുവദിക്കുന്നതിന് മുമ്പ് തന്നെ സബ്സിഡി തുക ബാങ്കുകൾക്ക് കൈമാറിയത് ശരിയായ നടപടി ക്രമമല്ല. ആയത് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. സബ്സിഡി അനുവദിച്ചിട്ടുള്ള 2 ഗ്രൂപ്പുകളും നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ടെങ്കിലും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കാത്തത് അപാകതയാണ്. മേൽ അപാകങ്ങൾ പരിഹരിച്ച് പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-35 സി.എച്ച്.സി ഇരിവേരിയിലേക്ക് മരുന്ന് വാങ്ങൽ- മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി,ഇരിവേരി |
| പ്രോജക്ട് നമ്പർ/പേര് | 42/21, സി.എച്ച്.സി ഇരിവേരിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹ 40,49,000 മെയ് ന്റനൻസ് ഗ്രാന്റ്(നോൺ റോഡ്) |
| ചെലവ് | ₹11,64,788 |
| ബിൽ നമ്പർ/തീയതി | 20190163009700957040/18-01--2021 |

മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകുന്നതിനാണ് തുക ചെലവഴിച്ചത്. ₹4,17,292യുടെ മരുന്ന് ലഭ്യമായതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മരുന്ന് ലഭ്യമായതിന്റെ ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/23-03-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമായതിന്റെ ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-36 ഹെൽത്തി സിവിൽ സർവ്വീസ് പ്രൊജക്ട് നടത്തിപ്പിലെ അപാകത -ചെലവ് തുക ₹30550 ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി,ഇരിവേരി |
| പ്രോജക്ട് നമ്പർ/പേര് | 75/21, ഹെൽത്തി സിവിൽ സർവ്വീസ് |
| അടങ്കൽ | ₹ 31285 (വികസന ഫണ്ട്, പൊതുവിഭാഗം, സാധാരണ വിഹിതം) |
| | ₹1490 തനത് ഫണ്ട് |
| | ₹32775 |
| ചെലവ് | ₹30550 |
| ബിൽ നമ്പർ/തീയതി | 2019016300970386090/30-07-2020 |

അദ്ധ്യാപകരുൾപ്പെടെയുള്ള സർക്കാർ ജീവനക്കാർക്ക് പ്രമേഹം, രക്തസമ്മർദ്ദം മുതലായ ജീവിത ശൈലീ രോഗങ്ങളെ നേരത്തേ കണ്ടെത്തുകയും ആരോഗ്യപൂർണ്ണമായ സിവിൽ സർവ്വീസ് ഉറപ്പ് വരുത്തുകയും ചെയ്യുക, ജീവനക്കാരിലെ

രോഗാതുരത കുറക്കുക വഴി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഇടതടവില്ലാതെ ലഭ്യമാക്കുകയെന്നതാണ് പ്രൊജക്ട് ലക്ഷ്യം.

2019-20 വർഷത്തിൽ ആരംഭിച്ച ഈ പദ്ധതി ബഹുവർഷ പ്രൊജക്ടായി നടപ്പിലാക്കുന്നതിന് എടക്കാട് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള പഞ്ചായത്തുകളിലെ വിവിധ സ്ഥലങ്ങളിലേക്ക് ആരോഗ്യ വകുപ്പ് ജീവനക്കാരെയും സാധന സാമഗ്രികളെയും എത്തിക്കുന്നതിനുള്ള വാഹന വാടക നൽകുന്നതിനാണ് തുക ചെലവഴിച്ചത്.

സബ്സിഡി മാർഗരേഖ സ.ഉ(കൈ)നം.22/2018 തീയതി 14-02-2018 ഉത്തരവിൽ ഇത്തരത്തിൽ പ്രൊജക്ട് നടപ്പിലാക്കുന്നത് പ്രതിപാദിച്ചിട്ടില്ല. ഈ മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഇനത്തിനോ, ഓരോ ഇനത്തിനും പറഞ്ഞ പ്രകാരമല്ലാത്ത വിഭാഗങ്ങൾക്കോ, അധികരിച്ച നിരക്കിലോ, തുകയിലോ സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ് (ഖ-2-2). സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത പ്രോജക്ട് നടപ്പിലാക്കിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ചെലവഴിച്ച തുക ₹30550 നിരാകരിക്കുന്നു. പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വ്യക്തത വരുത്തുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.33/24-03-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക ₹30550 നിരാകരിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഹാജിമെട്ട മേച്ചേരി റോഡ് പുനരുദ്ധാരണം -ഒഴിഞ്ഞ ബാരലിന്റെ വില ഈടാക്കാത്തത്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ടിന്റെ പേര് & നം. | എടക്കാട് ബ്ലോക്ക് പഞ്ചായത്ത് ഹാജിമെട്ട മേച്ചേരി റോഡ് പുനരുദ്ധാരണം - മുണ്ടേരി ഗ്രാമപഞ്ചായത്ത് -28/21 |
| അടങ്കൽ | 9,13,967 (ധനകാര്യ കമ്മീഷൻ അവാർഡ് ) |
| ചെലവ്,ബിൽ നം &തീയതി | 7,55,162 ( 7/19.3.2021) |
| കരാറുകാരൻ | എം.എം.ജോയ് |
| കരാർ തുക | 8,24,729.49 |
| എഗ്രിമെന്റ് നമ്പർ | AE/EKD/06/2020-21/ Dt 23.9.2020 |
| എം ബുക്ക് | 6/20-21 DT 23.9.20 |
| എസ്റ്റിമേറ്റ് | 10,00,000 |
| സെലക്ഷൻ നോട്ടീസ് നം & തീയതി | AE/EKD/LSGD/28/2020-21/ Dt 16.9.2020 |
| സൈറ്റ് കൈമാറൽ | 23.9.20 |
| പ്രവൃത്തിപൂർത്തീകരണകാലയളവ് | 3 മാസം |

മേൽ പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ താഴെ പറയുന്നു.

1-മേൽ പ്രവൃത്തിയിൽ 5269.64 Kg ടാർ ഉപയോഗിച്ചിട്ടുണ്ട്.എന്നാൽ ബില്ലിൽ നിന്നും കാലി ബാരൽ വില @238 + ജി എസ് ടി (18%) റിക്കവറി ചെയ്തിട്ടില്ല .

2-പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാതിരുന്നതിനാൽ ദീർഘീകരണത്തിനായി അസിസ്റ്റന്റ് എഞ്ചിനിയർ

15.2.2021ന് ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയോട് അപേക്ഷിച്ചിട്ടുണ്ട്.എന്നാൽ ഭരണ സമിതി ആയത് അംഗീകരിച്ച് നൽകിയതിന്റെ തീരുമാനം ലഭിച്ചിട്ടില്ല . പിഴ ഈടാക്കി 10.3.2021 നാണ് പ്രവൃത്തി പൂർത്തീകരിച്ചത്

3-ജി.ഒ (പി)നം 13/2012/പി.ഡബ്ല്യൂ.ഡി/ തീയതി 01-02-2012 ലെ പരിഷ്കരിച്ച പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2112 പ്രകാരം പ്രവൃത്തിപൂർത്തീകരിക്കുന്നതിന് കരാറുകാരൻ ,അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിച്ചാൽ പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എന്നാൽ പരമാവധി ദീർഘീകരണം യഥാർത്ഥ സമയത്തിന്റെ 50% ൽ അധികമാവാൻ പാടില്ല .എന്നാൽ ഈ പ്രവൃത്തിയിൽ 50% ൽ അധികം സമയം അനുവദിച്ചിട്ടുണ്ട്.
അപാകങ്ങൾക്ക് മറുപടി / രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (10/15.3.220)മറുപടി ലഭ്യമാക്കിയിട്ടില്ല .
കാലി ബാരൽ വില 8039 + ജി എസ് ടി (1446) കരാറുകാരനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കേണ്ടതാണ് . പ്രവൃത്തി ദീർഘീകരണം അനുവദിച്ച ഭരണ സമിതി തീരുമാനം ലഭ്യമാക്കേണ്ടാണ്. പ്രവൃത്തി കാലാവധി 50% ൽ അധികം ദീർഘിപ്പിച്ച് നൽകിയത് സർക്കാർ ഉത്തരവിന് വിരുദ്ധമാണെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 10.03.2022, 11.03.2022 | കെ.എസ്.എ./കെ.എൻ.ആർ/ സി.6/464/2022 തീയതി: 27.05.2022. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കൊളച്ചേരി ഗ്രാമ പഞ്ചായത്ത് | 2020-21 | 70,000 | പി.എം.എ.വൈ(ജ) 2019-20 അധിക ധന സഹായം ബ്ലോക്ക് വിഹിതം നൽകൽ (ജനറൽ)-56/21 | 70,000 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2020-21 | 98,000 | പി.എം.എ.വൈ (ജ)2019-20 അധിക ധന സഹായം ബ്ലോക്ക് വിഹിതം നൽകൽ (ജനറൽ)-56/21 | 98,000 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2020-21 | 98,000 | പി.എം.എ.വൈ-ഭവന നിർമ്മാണം -105/21 | 98,000 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

### 4-6 സ്ഥിര നിക്ഷേപം -

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | പരാമർശ വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 4-12 | 1999-00 | 30 | ലേബർ കോൺട്രാക്ട് സൊസൈറ്റി വിജയിച്ചില്ല | പരാമർശം നിലനിൽക്കുന്നു |

## 4-9 ചാർജ്ജ് -സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,67,74,441.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,32,27,004.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 40035 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7010546 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 1-18 | | 8039 | ശ്രീ.ശ്രീരാഗ്.എം.പി (അസിസ്റ്റന്റ് എഞ്ചിനീയർ ) |
| 1-36 | | 30550 | ഡോ.മായ.കെ, മെഡിക്കൽ ഓഫീസർ. |
| ആകെ | | 38589 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 34,00,000 | ഡോ.ജയൻ.എൻ.വി (ക്ഷീര വികസന ഓഫീസർ) |

| | | |
|---|---|---|
| 1-15 | 20,00,000 | ഡോ.ജയൻ.എൻ.വി<br>(ക്ഷീര വികസന ഓഫീസർ) |
| 1-16 | 15,00,000 | ഡോ.ജയൻ.എൻ.വി<br>(ക്ഷീര വികസന ഓഫീസർ) |
| 1-32 | 40,000 | ശ്രീ.രജീഷ്.ആർ നാഥ് (സെക്രട്ടറി ) |
| 1-33 | 70,546 | ശ്രീ.വിനോദ് നരിക്കോടൻ<br>(വ്യവസായ വികസന ഓഫീസർ ) |
| ആകെ | 70,10,546 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-18 | 1446 | ശ്രീ.ശ്രീരാഗ്.എം.പി (അസിസ്റ്റന്റ് എഞ്ചിനീയർ ) |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേര്,തസ്തിക | ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| ഡോ.ജയൻ.എൻ.വി (ക്ഷീര വികസന ഓഫീസർ) | ക്ഷീര വികസന ഓഫീസർ,<br>എടക്കാട് ബ്ലോക്ക് പഞ്ചായത്ത് | മണാല്യ മാലിൻ,<br>തോട്ടട |
| ശ്രീ.ശ്രീരാഗ്.എം.പി (അസിസ്റ്റന്റ് എഞ്ചിനീയർ ) | അസിസ്റ്റന്റ് എഞ്ചിനീയർ,<br>പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്ത് | ലഭ്യമല്ല |
| ഡോ.മായ.കെ (മെഡിക്കൽ ഓഫീസർ സി എച്ച് സി ) | മെഡിക്കൽ ഓഫീസർ,<br>സി എച്ച് സി,<br>സി എച്ച് സി-ഇരിവേരി | യദുകുലം ,<br>(തയ്യിൽ,പി ഒ)<br>മരക്കാർകണ്ടി |
| ശ്രീ.രജീഷ്.ആർ. നാഥ്, സെക്രട്ടറി | സെക്രട്ടറി ,<br>എടക്കാട് ബ്ലോക്ക് പഞ്ചായത്ത് | ചൈത്രം,<br>എലിയാറക്കൽ,<br>കോന്നി,<br>പത്തനംതിട്ട |
| ശ്രീ.വിനോദ് നരിക്കോടൻ, വ്യവസായ വികസന ഓഫീസർ | വ്യവസായ വികസന ഓഫീസർ,<br>എടക്കാട് ബ്ലോക്ക് പഞ്ചായത്ത് | ശ്രീപദം,<br>എരുവട്ടി.പി.ഒ,<br>കതിരൂർ. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ.എഫ് /കെ.എൻ.ആർ/ സി.6/52/2018തീ. 11-4-2018 | 6 |

| | | |
|---|---|---|
| 1999-00 | എൽ.എഫ് /കെ.എൻ.ആർ/ സി.6/52/2018തീ. 11-4-2018 | 1 |
| 2002-03 | എൽ.എഫ് /കെ.എൻ.ആർ/ സി.6/52/2018തീ. 11-4-2018 | 1 |
| 2005-06 | എൽ.എഫ് /കെ.എൻ.ആർ/ സി.6/52/2018തീ. 11-4-2018 | 3 |
| 2006-07 | എൽ.എഫ് /കെ.എൻ.ആർ/ സി.6/52/2018തീ. 11-4-2018 | 3 |
| 2007-08 | എൽ.എഫ് /കെ.എൻ.ആർ/ സി.6/52/2018തീ. 11-4-2018 | 3 |
| 2008-09 | എൽ.എഫ് /കെ.എൻ.ആർ/ സി.6/52/2018തീ. 11-4-2018 | 15 |
| 2009-10 | എൽ.എഫ് /കെ.എൻ.ആർ/ സി.6/52/2018തീ. 11-4-2018 | 15 |
| 2010-11, 2011-12 | എൽ.എഫ് /കെ.എൻ.ആർ/ സി.6/52/2018തീ. 11-4-2018 | 22 |
| 2012-13,2013-14, 2014-15 | എൽ.എഫ് /കെ.എൻ.ആർ/ സി.6/52/2018തീ. 11-4-2018 | 3 |
| 2015-16 | എൽ.എഫ് /കെ.എൻ.ആർ/ സി.6/52/2018തീ. 11-4-2018 | 4 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/ സി.6/1969/2017 തീ.22-12-2017 | 8 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/ സി.6/30/2019 തീ.17-01-2019 | 15 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/ സി.6/696/2020 Dt 30.12.2020 | 12 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/ സി.6/463/2022 Dt 26.05.2022 | 19 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3-1

## RECEIPT & PAYMENT STATEMENT

| | | | |
|---|---|---|---|
| Edakkad Block Panchayat<br>RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 13395339.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 130000000 | Rental income from Panchayat Properties | RP-3 | 3000.00 |
| 140000000 | Fees & User Charges | RP-4 | 26576.00 |
| 150000000 | Sale & Hire Charges | RP-5 | 8800.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 54750170.00 |
| 171000000 | Interest Earned | RP-9 | 260.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 261995.00 |

| | | | |
|---|---|---|---|
| | | | |
| | Non Operating | | |
| 180000000 | Other Income | RP-10 | 29877.00 |
| 340000000 | Deposits Received | RP-34 | 185069.00 |
| 350000000 | Other Liabilities | RP-36 | 182147.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 380817.00 |
| 460000000 | Loans, Advances and Deposits | RP-47 | 945730.00 |
| | Grand total | | 70169780.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2717010.00 |
| 220000000 | Administrative Expenses | RP-12 | 416440.00 |
| 230000000 | Operations & Maintenance | RP-13 | 697434.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 13591753.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 17861719.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 8984614.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 74081.00 |

| | | | |
|---|---|---|---|
| | | | |
| 255000000 | Maintenance Projects | RP-20 | 3741630.00 |
| 280000000 | Prior Period item | RP-26 | -10172.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 349164.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 3634.00 |
| 340000000 | Deposits Received | RP-34 | 43461.00 |
| 350000000 | Other Liabilities | RP-36 | 99625.00 |
| 410000000 | Fixed Assets | RP-38 | 4020441.00 |
| 412000000 | Capital work in Progress | RP-40 | 0.0 |
| 420000000 | Investments | RP-41 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 636170.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 16942776.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 70169780.00 |

## അനുബന്ധം 3-2

## INCOME & EXPENDITURE STATEMENT

| | | | |
|---|---|---|---|
| Edakkad Block Panchayat<br>INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 786556.00 |

| | | | |
|---|---|---|---|
| | | | |
| 140000000 | Fee & User Charges | I-4(b) | 26576.00 |
| 150000000 | Sale & Hire Charges | I-5(b) | 8800.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 50819345.00 |
| 171000000 | Interest Earned | I-8 | 260.00 |
| 180000000 | Other Income | I-9 | 29769.00 |
| | Total Income | | 51671306.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 2756210.00 |
| 220000000 | Administrative Expenses | I-11(b) | 416440.00 |
| 230000000 | Operations & Maintenance | I-12(b) | 697434.00 |
| 240000000 | Interest & Finance Charges | I-13 | 3636.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 13591753.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 17861719.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 8984614.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 74081.00 |

| | | | |
|---|---|---|---|
| | | | |
| 255000000 | Maintenance Projects | I-14(e) | 3741630.00 |
| 272000000 | Depreciation | I-17(a) | 3740839.00 |
| | Total Expenditure | | 51868356.00 |
| | Gross Surplus/ Deficit of income over Expenditure | | -197050.00 |
| 280000000 | Prior Period Item | I-18 | 37366.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -234416.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം 3-3

## BALANCE SHEET

| Edakkad Block Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 1016429.00 |
| 312000000 | Reserves | B-3 | 69912095.00 |
| | Total Reserve & Surplus | | 70928524.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 4603908.00 |
| | Total Grants, Contributions for Specific Purposes | | 4603908.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1642669.00 |
| 350000000 | Other Liabilities | B-9 | 107034.00 |

| | | | |
|---|---|---|---|
| | Total Current Liabilities and Provisions | | 1749703.00 |
| | TOTAL LIABILITIES | | 77282135.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 74859378.00 |
| 411000000 | Accumulated Depreciation | B-11 | -23264189.00 |
| 412000000 | Capital Work in Progress | B-11(a) | 7167400.00 |
| | Total Fixed Assets | | 58762589.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 1334185.00 |
| 450000000 | Cash and Bank Balance | B-17 | 16942776.00 |
| 460000000 | Loans, Advances and Deposits | B-18 | 242585.00 |
| | Total Current Assets, Loans and Advances | | 18519546.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |

TOTAL ASSETS 77282135.00

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.